# ദലിത് സാമൂഹികപരിഷ്കർത്താക്കളും പൊതുമണ്ഡലരൂപീകരണവും

കേരള സർവ്വകലാശാലയിൽ ബി.എ ബിരുദപഠനത്തിന്റെ ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം

സമർപ്പിക്കുന്നത്


| | | |
|---|---|---|
| അനില.വി | : | 11521101005 |
| Subject Code | : | ML 1645 |
| Examination Code | : | 11518603 |

ബിഷപ്പ്മൂർ കോളജ്

മാവേലിക്കര

(കേരള സർവ്വകലാശാല)


2024

Scanned with OKEN Scanner

# ദലിത് സാമൂഹികപരിഷ്കർത്താക്കളും പൊതുമണ്ഡലരൂപീകരണവും

കേരള സർവ്വകലാശാലയിൽ ബി.എ.ബിരുദപഠനത്തിന്റെ ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം

സമർപ്പിക്കുന്നത്


| | | |
|---|---|---|
| അനില വി | : | 11521101005 |
| Subject Code | : | ML 1645 |
| Examination Code | : | 11518603 |

**ബിഷപ്പ്മൂർ കോളജ്**

**മാവേലിക്കര**

(കേരള സർവ്വകലാശാല)


2024

Scanned with OKEN Scanner

## പ്രസ്താവന

ബിഷപ്പ്മൂർ കോളജ് മലയാളവിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയായ **അനില വി** സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്ന് പ്രസ്താവിക്കുന്നു.

**അനില വി**

Scanned with OKEN Scanner

# മലയാളവിഭാഗം

## ബിഷപ്പ്മൂർ കോളജ്

## മാവേലിക്കര

**<u>സാക്ഷ്യപത്രം</u>**

കേരള സർവ്വകലാശാല ബി.എ ബിരുദപഠനത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന **"ദലിത് സാമൂഹികപരിഷ്കർത്താക്കളും പൊതുമണ്ഡലരൂപീകരണവും"** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം കേളജിലെ ആറാം സെമസ്റ്റർ ബി.എ മലയാളം ഡിഗ്രി പ്രോഗ്രാം വിദ്യാർത്ഥിനിയായ **അനില വി** (11521101005) നടത്തിയ മൗലികപഠനത്തിന്റെ രേഖയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡോ.സജിനി ഡീനാ മാത്യു**
മലയാളവിഭാഗം മേധാവി
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര

**ഡോ.സുധ മേരി തോമസ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര

Scanned with OKEN Scanner

# ഉള്ളടക്കം

| | | | | പേജ് നം. |
|---|---|---|---|---|
| **ആമുഖം** | | | | 1 |
| അധ്യായം I | : | | **ദലിത് - ചരിത്രം, സമൂഹം** | 3 |
| | | I. ക. | ആരാണ് ദലിതർ? | 3 |
| | | ഖ. | പ്രാചീന കേരളസമൂഹം | 6 |
| | | ഗ. | കേരളത്തിന്റെ സാമൂഹിക രൂപീകരണം | 7 |
| | | ഘ. | യൂറോപ്യൻ നുഴഞ്ഞുകയറ്റവും അതിന്റെ പരിണിത ഫലങ്ങളും | 8 |
| | | ങ. | ദലിതിസത്തിന്റെ ഉത്ഭവം | 9 |
| | | ച. | അടിമത്തവും അതിന്റെ പ്രത്യാഘാതങ്ങളും | 10 |
| | | ഛ. | നാടുവാഴിത്ത വ്യവസ്ഥ (ഫ്യൂഡലിസം)- ഒരു വിശകലനം | 11 |
| | | ജ. | ആദ്യകാല ദലിത് തത്വശാസ്ത്രങ്ങൾ | 12 |
| | | ഝ. | ബുദ്ധമതവും ജൈനമതവും ദലിത് ചിന്തകളെന്ന നിലയിൽ | 12 |
| | | ഞ. | പൊതുമണ്ഡലം - സംജ്ഞ - പ്രയോഗം | 13 |
| അധ്യായം II | : | | **മിഷണറി പ്രവർത്തനവും ദലിത് ഉന്നതിയും** | 16 |
| | | II. ക. | മിഷണറി പ്രവർത്തനവും ദലിത് ഉന്നതിയും | 16 |
| അധ്യായം III | : | | **കേരളത്തിലെ ദലിത് പരിഷ്കർത്താക്കളും പൊതുമണ്ഡല രൂപീകരണവും** | 21 |
| | III. | ക. | **ആദ്യകാല ദലിത്പക്ഷ നായകന്മാർ** | 21 |
| | | ക.ക. | വൈകുണ്ഠസ്വാമികൾ | 21 |
| | | ക.ഖ. | അരുളാനന്ദം | 23 |
| | | ക.ഗ. | മോശവത്സലം ശാസ്ത്രിയാർ | 23 |
| | III. | ഖ. | **പിൽക്കാല ദലിത്പക്ഷ നായകന്മാർ** | 24 |
| | | ഖ.ക. | ഡോ.പി.പൽപ്പു | 24 |
| | | ഖ.ഖ. | കുമാരനാശാൻ | 26 |
| | | ഖ.ഗ. | പണ്ഡിറ്റ് കെ.പി.കറുപ്പൻ | 27 |
| | | ഖ.ഘ. | ചട്ടമ്പിസ്വാമികൾ | 28 |
| | | ഖ.ങ. | ശ്രീനാരായണഗുരു | 29 |
| | | ഖ.ച. | ബ്രഹ്മാനന്ദസ്വാമി ശിവയോഗി | 30 |

Scanned with OKEN Scanner

III. ഗ. ദലിത് മുന്നേറ്റത്തിന്റെ അമരക്കാർ 31
ഗ.ക. അയ്യങ്കാളി 31
ഗ.ഖ. പൊയ്കയിൽ യോഹന്നാൻ 33
ഗ.ഗ. കെ.പി.വള്ളോൻ 35
ഗ.ഘ. വാഗ്ഭടാനന്ദൻ 35
ഗ.ങ. സഹോദരൻ അയ്യപ്പൻ 36
അധ്യായം IV : നിഗമനങ്ങൾ 39

ഗ്രന്ഥസൂചി 42

Scanned with OKEN Scanner

# ആമുഖം

'ദലിത്' എന്ന പദം ഉപയോഗിച്ചു തുടങ്ങിയത് സമീപകാലത്താണെങ്കിലും, 'ദലിത്' എന്ന സങ്കല്പം പ്രാചീനകാലം മുതലേ ഇന്ത്യാചരിത്രത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ള ഒന്നാണ്. ദലിതരുടെ തായ്‌വേര് തേടുക എന്നത് ശ്രേഷ്ഠമായ ഒന്നാണ്. ഈ വിഷയത്തെ സംബന്ധിച്ച ആദ്യകാല ഗ്രന്ഥങ്ങളിൽ ലഭ്യമായവയിൽ പലതിലും ഒന്നുകിൽ ദലിതരെ അവഗണിച്ചിരിക്കാം. അല്ലെങ്കിൽ പലതും ദലിതർക്ക് എതിരാണ് എന്നതാണ് മറ്റൊരു വിരോധാഭാസം. ദലിത് ചരിത്ര പുനർനിർമ്മിതിക്കുള്ള ആധികാരിക രേഖകളായി ഇവയെ അംഗീകരിക്കുക ദുഷ്കരമാകും. ചരിത്രാതീത കാലത്തിൽ സമൂഹത്തിൽ നിലനിന്നിരുന്ന വേർതിരിവുകളെ സംബന്ധിച്ച കൃത്യമായ ചിത്രവും ലഭ്യമല്ല. ലോകമെമ്പാടുമുള്ള പല പ്രമുഖ പണ്ഡിതന്മാരും ഈ വസ്തുത അംഗീകരിച്ചിട്ടുള്ളതുമാണ്.

## പഠനപ്രസക്തി

1805 മുതൽ ഇങ്ങോട്ടുള്ള, ജാതീയമായ അടിച്ചമർത്തപ്പെട്ടവന്റെ/കീഴാളന്റെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെപ്പറ്റി പറയുന്ന പഠനമാണിത്. കേരളത്തിലെയും ഇന്ത്യയിലെ ഇതരഭാഗങ്ങളിലെയും ഇത്തരം പ്രസ്ഥാനങ്ങളെപ്പറ്റി നിരവധി പഠനങ്ങൾ വന്നിട്ടുണ്ട്. എന്നാൽ നിർഭാഗ്യവശാൽ അവയിൽ പലതും ദലിത് പ്രസ്ഥാനത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നില്ല. ഈ പഠനത്തിന്റെ പ്രസക്തിയും അതാണ്.

## രീതിശാസ്ത്രം

ഈ പ്രസ്ഥാനത്തിന്റെ ഒന്നാം അധ്യായം 'ദലിത് ചരിത്രം, സമൂഹം' എന്ന വിഷയത്തെ സംബന്ധിച്ചതാണ്. ഈ അധ്യായത്തിൽ പ്രാചീന കേരള സമൂഹവും അടിമകൾ അനുഭവിച്ചിരുന്ന ദുരിതങ്ങളും ഇതിൽ പറയുന്നു. ഹേബർമാസിന്റെ പൊതുമണ്ഡല രൂപീകരണവും ഇവിടെ ചർച്ച ചെയ്യുന്നു. കേരളത്തിലെ ദലിത് പ്രസ്ഥാനങ്ങളുടെ ചരിത്രം പലപ്പോഴും വിരോധാഭാസങ്ങൾ നിറഞ്ഞതാണ്. ക്രാന്തദർശിത്വം ഇല്ലായ്മ, ലക്ഷ്യങ്ങളേയും ഉദ്ദേശങ്ങളെയും സംബന്ധിച്ച അവ്യക്തത, സ്ഥാപിത താല്പര്യക്കാരായ നേതാക്കന്മാരുടെ തുടങ്ങിയ ചിന്താഗതി, നയരൂപീകരണങ്ങളിലെ പാളിച്ചകൾ ഒക്കെക്കൊണ്ടാണ് കേരളത്തിലെ ദലിത് പ്രസ്ഥാനങ്ങൾ പലതും പരാജയപ്പെട്ടത്. പുതിയ രൂപങ്ങളിലൂടെ ജാതി, സാമുദായിക വ്യവസ്ഥിതികൾ പുനരവത



Scanned with OKEN Scanner

രിച്ചുവെന്നതായിരുന്നു അന്തിമഫലം. പിന്നീട് ചെറു സംഘടനകളിലേക്കും വ്യക്തികളിലേക്കും പ്രസ്ഥാനം പരിമിതപ്പെട്ടു. ഹേബർമാസിന്റെ പൊതുമണ്ഡല രൂപീകരണത്തെ അടിസ്ഥാനമാക്കിയാണ് പ്രബന്ധം വിശകലനം ചെയ്തിരിക്കുന്നത്.

രണ്ടാമത്തെ അധ്യായം മിഷണറി പ്രവർത്തനവും ദലിത് ഉന്നതിയുമാണ്. മിഷണറിമാർ മുന്നോട്ടുവെച്ച ആശയങ്ങളുമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. മൂന്നാമത്തെ അധ്യായം 'കേരളത്തിലെ ദലിത് പരിഷ്കർത്താക്കളും പൊതുമണ്ഡല രൂപീകരണവും' എന്നതാണ്. അദ്യകാല ദലിത് പക്ഷ നായകന്മാരായ വൈകുണ്ഠസ്വാമികൾ, അരുളാനന്ദം, മോശവത്സലം എന്നിങ്ങനെ ദലിത് പരിഷ്ക്കർത്താക്കളെ പറ്റിയും അവർ നൽകിയ സംഭാവനകളെപ്പറ്റിയും ഇതിൽ പറയുന്നു. പിൽക്കാല ദലിത് പക്ഷ നേതാക്കന്മാരായ ഡോ.പി.പൽപ്പു, കുമാരനാശാൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, ശ്രീനാരായണഗുരു എന്നിങ്ങനെ നിരവധി പേരെ ഇതിൽ പഠനവിധേയമാക്കുന്നു.ദലിത് മുന്നേറ്റത്തിന്റെ അമരക്കാരനായ അയ്യങ്കാളി, പൊയ്കയിൽ യോഹന്നാൻ, കെ.പി.വള്ളോൻ, വാഗ്ഭടാനന്ദൻ, സഹോദരൻ അയ്യപ്പൻ എന്നിവർ നൽകിയ സംഭാവനയും ഇവരുടെ പ്രവർത്തനങ്ങളുടെ ഫലമായി ദലിത് സമൂഹത്തിൽ ഉണ്ടായ മുന്നേറ്റത്തെപ്പറ്റിയും ഇതിൽ പറയുന്നു. ഇവരുടെ പ്രവർത്തനങ്ങൾ കേരളീയ പൊതുസമൂഹത്തെ എങ്ങനെയാണ് നിർമ്മച്ചതെന്ന് നിരീക്ഷിക്കുന്നു. തുടർന്ന് നിഗമനവും ചേർത്തിട്ടുണ്ട്.



Scanned with OKEN Scanner

# അധ്യായം - I

## ദലിത് - ചരിത്രം, സമൂഹം

### I.ക. ആരാണ് ദലിതർ ?

'അടിച്ചമർത്തപ്പെട്ട', 'തകർന്ന' എന്നീ അർത്ഥം വരുന്ന 'ദലിത' എന്ന സംസ്കൃത പദത്തിൽ നിന്നാണ് 'ദലിത്' എന്ന പ്രയോഗം ഉടലെടുത്തത്. 'ദൽ' എന്ന ഹീബ്രു പദത്തിന്റെയും അർത്ഥം 'ദുർബലം', 'തളർന്നത്' എന്നിങ്ങനെയാണ്. 'ദലിത്' എന്നതിന്റെ വാച്യാർത്ഥം 'അടിച്ചമർത്തപ്പെട്ടത്' എന്നാണ്.

മോൾസ് വർത്തിന്റെ മറാത്തി - ഇംഗ്ലീഷ് നിഘണ്ടുവിൽ ദലിത് എന്നതിന് നിലം, ചിന്നിച്ചിതറിയത്, പിളർക്കപ്പെട്ടത് എന്നൊക്കെ അർത്ഥം കൊടുത്തിട്ടുണ്ട്. അധിക്ഷേപിക്കപ്പെട്ട, ഞെക്കിപ്പിഴിയപ്പെട്ട, അടിച്ചമർത്തപ്പെട്ട എന്ന അർത്ഥത്തിലും മറാത്തിയിൽ ദലിത് പദം പ്രയോഗത്തിൽ ഉണ്ടെന്ന് കാമാലിനി സെൻ ഗുപ്ത പറയുന്നു. ദലിത് എന്ന പദം ഒരു സമുദായത്തോട് ചേർത്ത് ആദ്യമായി ഉപയോഗിച്ചത് മഹാത്മാ ജ്യോതി ബാഫൂലെയാണ്. 19-ാം നൂറ്റാണ്ടിലാണ് ഇത് ഉപയോഗിച്ചത്. അധഃകൃതരുടെ ഉദ്ധാരണം എന്ന അർത്ഥത്തിൽ'ദലിതോദ്ധാരൻ' എന്ന് അദ്ദേഹം പ്രയോഗിക്കുകയുണ്ടായി.

മുപ്പതുകളിൽ ഇന്ത്യയിലെ പത്രമാധ്യമങ്ങൾ അയിത്ത ജാതിക്കാരെ പരാമർശിക്കാൻ അധഃകൃതവർഗ്ഗങ്ങൾ, പട്ടികജാതിക്കാർ, ഹരിജനങ്ങൾ എന്നീ പദങ്ങൾക്കൊപ്പം 'ദലിത'രെന്നും ഉപയോഗിച്ചു വന്നു. ചൂഷിതരായ തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവരാണ് ദലിതർ എന്നാണ് ഗെയിൽ ഓംവെഡ്റ്റിന്റെ നിർവ്വചനം. പട്ടികജാതി-പട്ടികവർഗ്ഗക്കാരെ മാത്രം കുറിക്കുന്ന പദമല്ല 'ദലിത്' എന്നത്. മറിച്ച് അടിച്ചമർത്തപ്പെട്ട എല്ലാവരെയും കുറിക്കുന്ന പദം ആണത്.

വ്യത്യസ്തവും വ്യതിരിക്തവുമായ ഒരു സമൂഹിക വിഭാഗമാണ് ദലിതർ. വിവിധ ലേബലുകളിലാണ് അവരിന്ന് അറിയപ്പെടുന്നത്. അതിശൂദ്രർ, അന്ത്യജർ, പഞ്ചമർ, വിജാതി ഹിന്ദുക്കൾ, അധഃകൃതർ, പുറംജാതിക്കാർ, അയിത്തജാതിക്കാർ, ഹരിജനങ്ങൾ, പട്ടികജാതിക്കാർ എന്നിങ്ങനെ. സമൂഹത്തിലെ മൂല്യനിർണ്ണേതാക്കളും ഉദ്യോഗസ്ഥൻമാരും സാമൂഹിക പരിഷ്ക്കർത്താക്കളും അവരുടെ മേൽ പതിച്ചതാണ് ഈ ലേബലുകൾ. എന്നാൽ ദലിത് എന്ന സംജ്ഞ അവർ സ്വയം



Scanned with OKEN Scanner

തിരഞ്ഞെടുത്തതാണ്.

സ്വതന്ത്ര ഇന്ത്യയിലെ സാമൂഹികമായും സാമ്പത്തികമായും ചൂഷണം അനുഭവിക്കുന്ന ജാതിശ്രേണിയുടെ ഏറ്റവും അടിത്തട്ടിലുള്ള ജനവിഭാഗത്തെ അയിത്ത ജാതിക്കാരെന്നോ പട്ടിക ജാതിക്കാരെന്നോ വിശേഷിപ്പിച്ചാൽ അവർ അനുഭവിക്കുന്ന പീഢനത്തിന്റെ തീവ്രത പ്രകടിപ്പിക്കാനാവില്ല. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ മറ്റുള്ളവരാൽ അടിച്ചമർത്തപ്പെട്ടവരാണ് ദലിതർ. അസ്പൃശ്യത കല്പിക്കപ്പെടുകയും ഇന്ത്യൻ സമൂഹശ്രേണിയുടെ അടിത്തട്ടിലേക്ക് നിർദ്ദയം ചവിട്ടി താഴ്ത്തപ്പെടുകയും ചെയ്ത വിഭാഗത്തിന്റെ ജീവിതാവസ്ഥ സമ്പൂർണ്ണമായി സൂചിപ്പിക്കുന്ന ഒരുപദം അന്വേഷിച്ചു പോയവർക്ക് ദലിത് പദം സർവ്വഥാ അംഗീകാര പ്രയോഗമായി. അങ്ങനെയാണ് അധഃകൃത ജനത 'ദലിതർ' എന്ന പേര് സ്വീകരിച്ചത്.

ദലിതർ നേരിടുന്ന പ്രശ്നത്തെ പരാശ്രിത അവസ്ഥയെന്നോ അധികാര രഹിത അവസ്ഥയെന്നോ വിളിക്കാം. സാമൂഹിക ജീവിതത്തിന്റെ ഒരു മേഖലയിലും സാമ്പത്തികം, വിദ്യാഭ്യാസം, നിയമം, മതം, സംസ്കാരം ഈ മേഖലകളിൽ ഒന്നിൽ പോലും അവർക്ക് സ്വയം പര്യാപ്തമാകാൻ സാധിച്ചിട്ടില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന ജനവിഭാഗം പട്ടികജാതിക്കാരാണെന്നുള്ള വസ്തുത എല്ലാവരും അംഗീകരിക്കുന്നു. ഇന്ത്യൻ സമൂഹത്തിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നിൽ നിൽക്കുന്നതും ഈ ജനവിഭാഗമാണ്.

വൈദേശികമോ, ആഭ്യന്തരമോ ആയ അധിനിവേശത്താൽ ഭൂമി നഷ്ടപ്പെടുകയും സംസ്കാരനാശം സംഭവിക്കുകയും ചെയ്ത വടക്കേ അമേരിക്കയിലെയും തെക്കേ അമേരിക്കയിലെയും 'അമേരിന്ത്യക്കാർ' ആസ്ട്രേലിയയിലെ 'അബോറിജിനുകൾ' സ്കാൻഡിനേവിയയിലെ 'സാമികൾ' (sami), ന്യൂസിലൻഡിലെ 'മാവോറികൾ'എന്നീ ആദിവാസികളെയാണ് നാലാം ലോകത്തിലെ മനുഷ്യരായി പൊതുവെ കരുതുന്നത്. അവരുടെ അവസ്ഥയോടാണ് ഇന്ത്യയിലെ ദലിതുകൾക്ക് സാമ്യം.

ദലിത് എന്നത് ഒരു ജാതിയല്ല. പരിവർത്തനത്തിന്റെ വിപ്ലവത്തിന്റെയും പ്രതീകമാണ് ദലിതർ. അവൻ മാനവികതയിൽ വിശ്വസിക്കുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ, പുനർജന്മത്തെ, ആത്മാവിനെ മാറി നിൽക്കാൻ അനുശാസിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങളെ, വിധിയെ, സ്വർഗ്ഗത്തെ - സർവ്വതിനെയും അവൻ തിരസ്ക്കരിക്കുന്നു.



Scanned with OKEN Scanner

ദലിതർ ഈ രാജ്യത്തെ ചൂഷിതരെ പ്രതിനിധാനം ചെയ്യുന്നു. സാംസ്കാരികമായ സ്വത്വബോധം നേടിയെടുക്കാൻ ആവശ്യം വേണ്ട ഒരു മാർഗ്ഗമാണ് ദൈലിത (Dalitness). അവന്റെ അപകർഷതാബോധം അപ്രത്യക്ഷമായിക്കഴിഞ്ഞു.

1980 മാർച്ചിൽ ഡൽഹിയിൽ ചേർന്ന ദലിത് പാന്തർ പ്രസ്ഥാനത്തിന്റെ ആദ്യത്തെ അഖിലേന്ത്യ സമ്മേളനം ദലിതരെ ഇപ്രകാരം പുനർ നിർവ്വചിച്ചു. ചില പ്രത്യേക ദർശനങ്ങളുടെ മറയിൽ സാമൂഹികമായും സാമ്പത്തികമായും സാംസ്ക്കാരികമായും ചൂഷണം ചെയ്യപ്പെട്ട പുറംജാതിക്കാരായ ഇന്ത്യൻ ജനത യാണ് ദലിതർ. അവരുടെ മോചനത്തിനായി അവർ തന്നെ അഖിലേന്ത്യാതല ത്തിൽ കൂട്ടായി സമരം ചെയ്യേണ്ടിയിരിക്കുന്നു. കൂട്ടായ സമരം ഒന്നുകൊണ്ടു മാത്രമേ അവർക്ക് ദാരിദ്ര്യത്തിൽ നിന്നും, പിന്നോക്കാവസ്ഥയിൽ നിന്നും, അവഗ ണനയിൽ നിന്നും ആശ്വാസം ലഭിക്കുകയുള്ളൂ. അധഃകൃതരും, അധഃസ്ഥിതരും ഇന്നത്തെ രാഷ്ട്രീയത്തിന്റെ വെല്ലുവിളി ഏറ്റെടുത്ത് അവരുടെ മോചനത്തിന് വേണ്ടി പൊരുതണം. സ്വയം സമരത്തിലൂടെ മാത്രമേ ആത്മാഭിമാനത്തോയെുള്ള ജീവിതം സാധ്യമാകൂ.

1987-ൽ ഹൈദരാബാദിൽ ചേർന്ന ആദ്യത്തെ അഖിലേന്ത്യാ ദലിത് സാഹിത്യ സമ്മേളനം, "സാമൂഹികമായും സാമ്പത്തികമായും അടിച്ചമർത്തപ്പെട്ട ഒരാളെ ദലിതനായി തിരിച്ചറിയുന്നു' എന്ന് പ്രഖ്യാപിച്ചു.ദലിത് അസ്തിത്വത്തിന്റെ ഉള്ളടക്കം പ്രാഥമികമായും രാഷ്ട്രീയമാണ്. സാമൂഹിക പരിവർത്തനത്തിന്റെ ആയുധമെന്ന നിലയ്ക്ക് രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ ദലിതർ ഉദ്ദേശിക്കു ന്നു. അതുതന്നെയാണ് ദലിത് അസ്തിത്വത്തിന്റെ സവിശേഷതയും. സുദീർഘവും ചരിത്രപരവുമായ ഒരു പ്രക്രിയയുടെ സന്തതിയാണ് ഈ അസ്തിത്വം.

'ദലിത്' എന്ന പരികല്പന സാമൂഹിക സാമ്പത്തിക വിമോചന മുന്നേറ്റ ത്തിന് ഇന്ത്യൻ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട അസ്പൃശ്യ ജനസമൂഹം നൽകിയ സംഭാവനയാണ്. ദലിത് എന്നാൽ, ഇന്ത്യൻ ഭരണഘടന പട്ടികജാതി ക്കാരെന്നും, പട്ടികവർഗ്ഗക്കാരെന്നും പരാമർശിക്കുന്ന പ്രത്യേക സാമൂഹിക ജന വിഭാഗമാണ്. ആര്യൻ അധിനിവേശ കാലത്ത് ശിഥില ഗോത്രങ്ങളായിത്തീർന്ന ഇന്ത്യയിലെ ആദിമ നിവാസികൾ ആര്യൻ അധിനിവേശ വർഗ്ഗത്തിന് കീഴടങ്ങി അവരുടെ ആശ്രിതന്മാരായിത്തീരുകയോ, വനങ്ങളിൽ അഭയം പ്രാപിക്കുകയോ ചെയ്തു എന്നാണ് അംബേദ്കർ സിദ്ധാന്തിക്കുന്നത്. ആ നിലയ്ക്ക് ദലിത് എന്ന പ്രയോഗം തന്നെയാണ് ഉചിതം.



Scanned with OKEN Scanner

പഞ്ചമർ അഥവാ ദലിതർ വിവിധ കാലങ്ങളിൽ വിവിധ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. മഹാത്മാഗാന്ധി അവരെ ഹരിജനങ്ങളെന്നും ബ്രിട്ടീഷുകാർ അവരെ പട്ടിക ജാതിക്കാരെന്നും വിളിച്ചു. 1909 മുതൽ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ (Depressed classes) എന്നാണ് അറിയപ്പെട്ടിരുന്നത്.

ദലിതരെ 'തൊട്ടുകൂടാത്തവർ' എന്ന് ആദ്യമായി വിശേഷിപ്പിച്ചത് 1909 ഒക്ടോബർ 18-ന് ബറോഡ മഹാരാജാവ് ഗെയ്ക്വാദ് ആണ്. അന്നുമുതൽ അവർ 'തൊട്ടുകൂടാത്തവർ' എന്നറിയപ്പെട്ടു. തൊഴിലിന്റെ അടിസ്ഥാനത്തിലായിരുന്നു പരമ്പരാഗതമായി തൊട്ടുകൂടായ്മ നിർണ്ണയിച്ചിരുന്നത്. അശുദ്ധി എന്ന സങ്കല്പമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത്.

### ഖ. പ്രാചീന കേരളസമൂഹം

കേരളത്തിന്റെ പ്രാചീന ചരിത്രം ഇന്നും ദുരൂഹമായി തുടരുന്നു. ചരിത്രവസ്തുക്കളുടെ അഭാവത്തിൽ നവ-ശിലായുഗത്തോടനുബന്ധിച്ചുണ്ടായ കാർഷിക സംസ്കൃതിയിൽ നിന്നാണ് കേരള ചരിത്രം ആരംഭിക്കുന്നത്. വന്യജീവികൾ അധിവസിക്കുന്ന വനാന്തരങ്ങളേക്കാൾ ഫലവർഗ്ഗങ്ങൾ നൽകുന്ന കാടുകളെയാണ് അന്നത്തെ മനുഷ്യർ ആശ്രയിച്ചതെന്ന് പറയപ്പെടുന്നു.കാടാർ, കാണിക്കാർ, മലംപണ്ടാരങ്ങൾ, മുതുവന്മാർ, ഉള്ളാടർ, പണിയൻ തുടങ്ങിയവരാണ് കേരളത്തിൽ ആദ്യം വാസം ഉറപ്പിച്ചവരെന്ന് ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മുൻകാല പ്രോട്ടോ ആസ്ട്രോലോയിഡ് വംശജരുടെ പ്രതിനിധികളായ കുറിച്യർ, ഇരുളന്മാർ, കരുമ്പോലന്മാർ, മലയരന്മാർ, മലവേടന്മാർ തുടങ്ങിയവരിൽ നിന്ന് ഉത്ഭവിച്ചതാകണം കേരളത്തിലെ ജനസമൂഹം. പ്രോട്ടോ ആസ്ട്രോലോയിഡ്സിനെ തുടർന്ന് മെഡിറ്ററേനിയൻ വിഭാഗക്കാർ കടന്നു വരുകയും ഇവരായിരിക്കാം പുതിയൊരു സംസ്കൃതിയുടെ വക്താക്കളായി ദക്ഷിണേന്ത്യയിലും ഹാരപ്പ താഴ്‌വരകളിലും പിന്നീട് ദ്രാവിഡരെന്നറിയപ്പെട്ട ജനവിഭാഗമെന്നും പറയപ്പെടുന്നു.

കേരളത്തിലെ പ്രാചീന മനുഷ്യർ മണ്ണിന്റെയും പ്രദേശത്തിന്റെയും പ്രത്യേകതയുടെ അടിസ്ഥാനത്തിൽ ഭൂമിയെ വ്യത്യസ്ത പേരുകൾ നൽകി തരംതിരിച്ചിരിക്കുന്നതായി കാണാം. വനങ്ങളും നിബിഡമായ കുറ്റിക്കാടുകളും നിറഞ്ഞ മേഖലകളെ 'കുറിഞ്ഞി', 'മുല്ല' എന്നിങ്ങനെ അവർ വിളിച്ചിരുന്നു. കൃഷിയോഗ്യമല്ലാത്ത പാറക്കെട്ടുകൾ നിറഞ്ഞ മരുഭൂമി പോലുള്ള തരിശു ഭൂമിയെ 'പാല' എന്ന് വിളിച്ചു. കൃഷിയോഗ്യമായ മേഖലകളെ 'മരുതം' എന്നും തീരപ്രദേശത്തെ 'നെയ്തൽ'



Scanned with OKEN Scanner

എന്നും അവർ വിളിച്ചു.

ക്രിസ്തുവർഷം 8 മുതൽ 8 വരെയുള്ള നൂറ്റാണ്ടുകൾക്കിടയിലാണ് നേത്രാവതി നദിയുടെ തെക്കുഭാഗത്ത് ബ്രാഹ്മണൻ 32 കൂട്ടങ്ങളായി വാസമുറപ്പിച്ചത്. നാട്ടുരാജാക്കന്മാരുടെ സഹായം നമ്പൂതിരിമാർക്ക് നിർലോഭം ലഭിച്ചിരുന്നു. ഈ രാജാക്കന്മാർ ക്ഷത്രിയരാകുകയും അത്തരത്തിൽ ചാതുർവർണ്യ വ്യവസ്ഥ രൂപപ്പെടുകയും ചെയ്തു.

കേരളത്തിലെ ആര്യന്മാരുടെ കടന്നുവരവിനെ നിർണ്ണയിക്കാൻ ശ്രമിച്ച പ്രമുഖ ചരിത്രകാരനാണ് വില്യം ലോഗൻ. ലോഗനെ പിന്തുടർന്ന് കെ.പി.പത്മനാഭ മേനോനും ഈ മേഖലയിൽ വിശദമായ പഠനങ്ങൾ നടത്തി.

### ഗ.കേരളത്തിലെ സാമൂഹിക രൂപീകരണം

ശ്രേണിനിബിഢമായ ചാതുർവർണ്യക്രമത്തിലാണ് സാമ്പ്രദായിക ഇന്ത്യൻ സമൂഹം രൂപം കൊണ്ടത്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ സമ്പൂർണ്ണ ജാതികളും അതിൽ ഉൾപ്പെടാത്ത പഞ്ചമന്മാരും മറ്റുള്ളവരും ഉൾപ്പെടുന്ന കീഴ് ജാതികൾ അവർണരും ആണ്. സവർണർ ശുദ്ധരും അവർണർ അശുദ്ധരുമാണ്.

ഇന്ത്യയിലെ ആദ്യത്തെ നിയമദാതാവ് മനു ആയി സങ്കല്പിക്കപ്പെടുന്നു. വ്യത്യസ്ത വർണ്ണങ്ങളിൽ ഉൾപ്പെടുന്നവർക്ക് പ്രത്യേക അവകാശങ്ങളും പദവികളും നിർദ്ദേശിച്ചതും അദ്ദേഹം തന്നെ. മനുസ്മൃതിയിൽ അധ്യയനം (education), അധ്യാപനം (teaching), യജ്ഞം (rituals), ദാനം, പ്രതിഗ്രാഹം (acceptance) എന്നിവ നടത്താനുള്ള അവകാശം ബ്രാഹ്മണനാണ്. അധ്യയനം, യജ്ഞം, ദാനം എന്നിവ നടത്താനുള്ള അവകാശം ക്ഷത്രിയനുമുണ്ട്. ഭരണനിർവ്വഹണം, യുദ്ധം എന്നിവയും ക്ഷത്രിയന് തന്നെ. ആദ്യത്തെ മൂന്ന് അവകാശങ്ങൾ വൈശ്യനുമുണ്ട്. കൂടാതെ വ്യാപാരവും കാലിവളർത്തലും. എന്നാൽ ശൂദ്രന് പ്രത്യേകിച്ച് യാതൊരു അവകാശവും ഇല്ല. ആദ്യത്തെ മൂന്ന് വർണങ്ങളിലും പെട്ടവർക്ക് ആവശ്യമായ ജോലികൾ ചെയ്യുക എന്നതാണ് ശൂദ്രന്റെ ധർമ്മം.

ജാതി വ്യവസ്ഥയുടെ മറ്റൊരു സവിശേഷത ഒരു ജാതിയിൽ ജനിക്കുന്നയാൾക്ക് മറ്റൊരു ജാതിയിലേക്ക് മാറാൻ കഴിയില്ല എന്നതാണ്. ജാതിവ്യവസ്ഥയുടെ ഒരു ഉപോല്പന്നമായിരുന്നു ഇന്ത്യയിലെ അടിമത്ത സമ്പ്രദായം. ലോകത്തിന്റെ ഇതരഭാഗങ്ങളിലെന്ന പോലെ ഇന്ത്യയിലും ചരിത്രാതീത കാലം മുതൽക്ക് അടിമത്തം നിലനിന്നിരുന്നു. ആദിമനിവാസികളായ തദ്ദേശീയരായിരുന്നു ആര്യന്മാരുടെ വരവിന് മുമ്പ് കേരളം ഭരിച്ചിരുന്നത്. പിൽക്കാലത്ത് അടിമകളാക്കപ്പെട്ട പുലയ സമുദായം



Scanned with OKEN Scanner

8-ാം നൂറ്റാണ്ടിൽ ഒരു പ്രബല വിഭാഗമായിരുന്നു. തിരുവനന്തപുരത്തിന് അടുത്തുള്ള പുലയനാർക്കോട്ട അവരുടെ ഭരണകേന്ദ്രമായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു.

വിദ്യാഭ്യാസം ബ്രാഹ്മണന് മാത്രം അവകാശപ്പെട്ടതായിരുന്നു. പ്രപഞ്ചത്തിലുള്ള എല്ലാ സ്വത്തിന്റെയും അവകാശി ബ്രാഹ്മണനാണെന്ന് അവർ മറ്റുള്ളവരെ വിശ്വസിപ്പിച്ചു.

### ഘ.യൂറോപ്യൻ നുഴഞ്ഞുകയറ്റവും അതിന്റെ പരിണിത ഫലങ്ങളും

രാഷ്ട്രീയ തലത്തിൽ വീക്ഷിക്കുമ്പോൾ ക്രിസ്ത്വാബ്ദം 12-ാം നൂറ്റാണ്ടിന് ശേഷം കേരളം ഏതാനും ചെറിയ നാട്ടുരാജാക്കന്മാരുടെ കീഴിലായിരുന്നു. കോലത്തിരി, കോഴിക്കോട്ടെ സാമൂതിരി, തിരുവിതാംകൂർ രാജാക്കന്മാർ തുടങ്ങിയവരായിരുന്നു ഇക്കൂട്ടത്തിൽ പ്രബലർ. കൊടുങ്ങല്ലൂർ, കൊച്ചി, മങ്കാട്ട്, ഇടപ്പള്ളി, വടക്കുംകൂർ, പുറക്കാട്, കായംകുളം, കൊല്ലം എന്നീ പ്രദേശങ്ങൾ ചെറുകിട രാജാക്കന്മാരാണ് ഭരിച്ചിരുന്നത്. ചെറുരാജ്യങ്ങൾ തങ്ങളുടെ രാഷ്ട്രീയ മേൽക്കോയ്മ നിലനിർത്തുന്നതിലേക്ക് വിദേശ ശക്തികളുടെ ചങ്ങാത്തം കൂടുതലും പതിവായിരുന്നു. ഇക്കൂട്ടത്തിൽ പ്രബലരായ വിദേശികൾ ഇംഗ്ലീഷുകാരായിരുന്നു. ഈ ചങ്ങാത്തം ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് വഴിതെളിയിച്ചു.

മിഷണറിമാർ എത്തുന്നതിന് ഏതാണ്ട് ഒരു നൂറ്റാണ്ട് മുമ്പാണ് തിരുവിതാംകൂറും ബ്രിട്ടീഷുകാരും തമ്മിലുള്ള വാണിജ്യ - രാഷ്ട്രീയ ബന്ധങ്ങൾ തുടങ്ങുന്നത്. 1644-ൽ വിഴിഞ്ഞത്തും 1864-ൽ അഞ്ചുതെങ്ങിലും ബ്രിട്ടീഷുകാർക്ക് വാണിജ്യകേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു.

ആദ്യമായി ഇവിടെ എത്തുകയും വ്യാപാര കരാറിൽ ഏർപ്പെടുകയും കൊച്ചി രാജാവും സാമൂതിരിയും തമ്മിലുള്ള സംഘർഷത്തിൽ രാഷ്ട്രീയമായി ഇടപെടുകയും ചെയ്തത് പോർച്ചുഗീസുകാരാണെങ്കിലും യൂറോപ്പിൽ നിന്നു തന്നെ എത്തിച്ചേർന്ന ഡച്ചുകാരോടും ഇംഗ്ലീഷുകാരോടും ഫ്രഞ്ചുകാരോടും അവർക്ക് പൊരുതി നിൽക്കാനായില്ല.

1747-ലെ കുളച്ചൽ യുദ്ധത്തോടെ ഡച്ചുകാരുടെ വിധി നിർണ്ണയിക്കപ്പെട്ടു. 1795-ൽ ഇംഗ്ലീഷുകാർ കൊച്ചിയെ പൂർണ്ണമായും അവരുടെ അധീനതയിലാക്കി. മൈസൂർ-മലബാർ യുദ്ധകാലത്ത് ഹൈദരലി കൊച്ചി പ്രവിശ്യയായ തലപ്പള്ളി മേലവട്ടത്തിനു മേൽ അവകാശവാദം ഉന്നയിച്ചു. ന്യായമല്ലാത്ത ഈ ആവശ്യത്തെ കൊച്ചി രാജാവ് തള്ളിക്കളഞ്ഞു. 1776-ൽ ഹൈദർ കൊച്ചിയെ തന്റെ സാമ്രാജ്യത്തിനോട്



Scanned with OKEN Scanner

കൂട്ടിച്ചേർത്തു. എന്നാൽ മൂന്നാം മൈസൂർ യുദ്ധത്തിനു ശേഷം ശ്രീരംഗപട്ടണം ഉട മ്പടി പ്രകാരം ടിപ്പു സുൽത്താൽ കൊച്ചി ബ്രിട്ടീഷ് സർക്കാരിന് വിട്ടുകൊടുത്തു. ഇതിനുശേഷം കൊച്ചി രാജാവിന് ബ്രിട്ടീഷുകാരുമായി നിർബന്ധിത ഉടമ്പടികളിൽ ഏർപ്പെടേണ്ടി വന്നു. 1809-ലെ ഉടമ്പടി പ്രകാരം കൊച്ചിയുടെ പരമാധികാരം ബ്രിട്ടീ ഷുകാരുടെ കൈക്കലായി.

17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ കോഴിക്കോട് സാമൂതിരിയുമായി സ്ഥായിയായ ഉടമ്പടിയിൽ ഏർപ്പെടാൻ ഇംഗ്ലീഷുകാർക്ക് കഴിഞ്ഞു. ഹൈദറിന്റെ ആക്രമണത്തോടെ സാമൂതിരിയുടെ പ്രഭാവം നഷ്ടപ്പെട്ടു. എന്നാൽ ഇംഗ്ലീഷുകാരും ടിപ്പു സുൽത്താനും തമ്മിൽ നടന്ന മൂന്നാം മൈസൂർ യുദ്ധത്തിൽ (1790-92) ശ്രീരംഗ പട്ടണം ഉടമ്പടി പ്രകാരം കേരളത്തിനു മേലുള്ള സമഗ്ര ആധിപത്യം ബ്രിട്ടീഷുകാ രുടെ കൈപ്പിടിയിലായി.

### ങ. ദലിതിസത്തിന്റെ ഉത്ഭവം

ഇന്ത്യയിൽ ദലിത് എന്ന സങ്കല്പം വേദകാലം മുതൽക്കേ ആരംഭിച്ചു. ദലി തരുടെ വേരുകൾ കണ്ടുപിടിക്കുക എളുപ്പമല്ല. നിലവിൽ പാകിസ്ഥാന്റെ ഭാഗമായി "ഗ്രേറ്റർ പഞ്ചാബ്" ഉൾപ്പടെയുള്ള ഇന്ത്യയുടെ നിരവധി പ്രദേശങ്ങളിലൂടെ എ.ഡി 1920 മുതൽ നടന്നിട്ടുള്ള ഉദ്ഖനനങ്ങളിലൂടെ ലഭിച്ചിട്ടുള്ള പുരാവസ്തു സ്രോതസു കളെയാണ് മുഖ്യമായും ആശ്രയിച്ചിരിക്കുന്നത്.

സിന്ധു നാഗരികത എന്നറിയപ്പെടുന്ന ഹാരപ്പയിലും മോഹൻ ജൊദാരോ യിലും നടന്നിട്ടുള്ള ഉദ്ഖനനങ്ങളാണ് ഇവയിൽ ഏറ്റവും പ്രശസ്തങ്ങളായവ.

പുരാതന ഇന്ത്യാചരിത്രത്തെ സംബന്ധിച്ച ആദ്യത്തെ ലിഖിത ഗ്രന്ഥമാണ് ഋഗ്വേദം. വിശുദ്ധ ഗ്രന്ഥത്തിലെ സ്തോത്രങ്ങളിൽ എഴുനദികൾ ഒഴുകുന്ന, ഇന്ന് പഞ്ചാബ് എന്നറിയപ്പെടുന്ന ദേശത്ത് രണ്ടുവിഭാഗം മനുഷ്യരാണുള്ളത്. ദേവതകളെ പൂജിക്കുന്ന ആര്യന്മാരും ദേവകളില്ലാത്ത, ആചാരങ്ങളില്ലാത്ത ദസ്യുക്കളും. ഇവരെ ദാസന്മാരെന്നും വിളിക്കുന്നു.

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ തുടങ്ങിയ മൂന്ന് വരേണ്യവർഗ്ഗങ്ങളെ സൂചിപ്പിക്കുന്നതിനാണ് ആര്യൻ എന്ന പദം വേദസാഹിത്യത്തിൽ ഉപയോഗിച്ചിട്ടു ള്ളത്. ദാസരും ശൂദ്രരും ആണ് മറുവശത്ത്.

സൃഷ്ടിയുടെ നിലനിൽപ്പിനായി സൃഷ്ടാവ് തന്റെ വായിൽ നിന്നും ഉത്ഭ വിച്ച ബ്രാഹ്മണനും, തന്റെ ഭുജങ്ങളായ ക്ഷത്രിയനും, തുടകളായ വൈശ്യനും, പദ ങ്ങളായ ശൂദ്രനും, വ്യത്യസ്ത കർത്തവ്യങ്ങൾ വിധിച്ചിരിക്കുന്നു. വേദങ്ങൾ പഠിക്കു



Scanned with OKEN Scanner

കയും, പഠിപ്പിക്കുകയും പൂജാദികർമ്മങ്ങൾ നിർവ്വഹിക്കുകയും, ദാനം നൽകുകയും സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ബ്രാഹ്മണന്റെ കർത്തവ്യം. ജനങ്ങളെ സംരക്ഷിക്കുക, ദാനം നൽകുക, ബലികർമ്മങ്ങൾ നടത്തുക എന്നിവയാണ് ക്ഷത്രിയ ധർമ്മം. കന്നുകാലികളെ വളർത്തുക, ദാനധർമ്മങ്ങൾ ചെയ്യുക, ബലികർമ്മങ്ങൾ നടത്തുക, കൃഷി, വ്യാപാരം തുടങ്ങിയവ നടത്തുക എന്നിവയാണ് വൈശ്യരുടെ ധർമ്മം. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ തുടങ്ങിയവർക്ക് ദാസവൃത്തി ചെയ്യുകയാണ് ശൂദ്രന്റെ ജോലി.

## ച. അടിമത്തവും അതിന്റെ പ്രത്യാഘാതങ്ങളും

ലോകമെമ്പാടും ചരിത്രാതീത കാലം മുതൽക്കം നിലനിന്നിരുന്ന ഒരു സാമൂഹിക തിന്മയാണ് അടിമത്തം. വടക്കു നിന്നുവന്ന അധിനിവേശകർ തന്നെയാവണം തദ്ദേശീയരെ കീഴ്പ്പെടുത്തി ഇന്ത്യയിൽ അടിമത്ത സമ്പ്രദായത്തിന് വിത്തുപാകിയത്. ആര്യന്മാരുടെ വരവ് യുദ്ധത്തിന് കളമൊരുക്കുകയും യുദ്ധത്തിൽ തോറ്റവർ അടിമകളാക്കപ്പെടുകയും ചെയ്തു. കൂടുതൽ പ്രദേശങ്ങൾ കീഴടക്കിക്കൊണ്ട് ആര്യന്മാർ അടിമത്ത വ്യവസ്ഥ വ്യാപിപ്പിക്കുകയും ചെയ്തു. യുദ്ധം അടിമത്തം സൃഷ്ടിക്കുകയും അടിമത്തം യുദ്ധത്തിന് വഴിയൊരുക്കുകയും ചെയ്തു.

അടിമത്ത വ്യവസ്ഥയിൽ അടിമകളുടെ മേലുള്ള പൂർണ്ണ ഉടമസ്ഥാവകാശം യജമാനന്മാർക്കായിരുന്നു. അടിമകളെ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നു. മൂന്ന് രീതികളിലാണ് അടിമകളെ കൈമാറ്റം ചെയ്തിരുന്നത്. ആദ്യത്തേത് 'ജന്മം' എന്നറിയപ്പെട്ടു. അടിമയെ പൂർണ്ണമായി മറ്റൊരു അവകാശിക്ക് പണം വാങ്ങി കൈമാറ്റം ചെയ്യുന്ന രീതിയാണ് ഇത്. 'കാനും' അഥവാ പണയപ്പെടുത്തലാണ് രണ്ടാമത്തെ രീതി. ഇതുപ്രകാരം അടിമയുടെ മൂല്യത്തിന്റെ മുന്നിൽ രണ്ടുഭാഗവും അടിമയുടെ മേലുള്ള ഭാഗിക ഉടമസ്ഥാവകാശത്തിന് പ്രതിഫലമായി വർഷം തോറും ഒരു നിശ്ചിത അളവ് ധാന്യം ഉടമയ്ക്ക് ലഭിക്കും. സ്വീകരിച്ച പണം തിരികെ നൽകി അടിമയെ വീണ്ടും സ്വന്തമാക്കാവുന്നതാണ്. ഒരു പുരുഷ അടിമയ്ക്ക് നൽകേണ്ടിയിരുന്ന വാർഷിക സംഖ്യ എട്ട് പണവും സ്ത്രീകൾക്ക് നാല് പണവും ആയിരുന്നു.

പരപുരുഷബന്ധം ഉണ്ടെന്ന് കണ്ടെത്തപ്പെടുന്ന ബ്രാഹ്മണസ്ത്രീകൾ രാജാവിന്റെ അടിമകളായി. ഉയർന്ന ജാതിക്കാരനെ പ്രണയിക്കുന്ന താഴ്ന്ന ജാതിക്കാരിയായ സ്ത്രീയും, കീഴ് ജാതിക്കാരനെ പ്രണയിക്കുന്ന ഉന്നതകുല ജാതയും ഇതിൽ അടിമകളാക്കപ്പെട്ടു.

ജാതിയും അടിമത്തവും പരസ്പരബന്ധിതമാണ്.



Scanned with OKEN Scanner

## ൩. നാടുവാഴിത്ത വ്യവസ്ഥ (ഫ്യൂഡലിസം) ഒരു വിശകലനം

ഉത്പാദന ഉപകരണങ്ങളുടെ പ്രത്യേകിച്ചും ഭൂമിയുടെ ഉടമസ്ഥാവകാശം ജന്മിക്കായിരുന്ന ഉത്പാദന ബന്ധത്തിലധിഷ്ഠിതമായ ചരിത്രപരമായ ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയാണ് ഫ്യൂഡലിസം അഥവാ ജന്മിത്വം. മറ്റു സാമൂഹിക രൂപീകരണങ്ങൾ പോലെ തന്നെ ചരിത്രത്തിലൂടെ കടന്നുപോയ ഒരു ഘട്ടമാണ് ഫ്യൂഡലിസം. അടിമകളെക്കൊണ്ട് കാർഷികോത്പാദനം നടത്തിക്കുന്ന പ്രാഥമിക വ്യവസ്ഥയിൽ നിന്നു മാറി ഭൂവുടമയായ കർഷകനും ഭൂരഹിതനായ കർഷക തൊഴിലാളിയും തമ്മിലുള്ള കൊടുക്കൽ വാങ്ങലിലൂടെയാണ് ഫ്യൂഡലിസം പടിഞ്ഞാറൻ യൂറോപ്പിൽ വികസിച്ചത്.

ഫ്യൂഡലിസത്തിന്റെ ദുർഭഗ സന്തതിയായ അടിമത്തത്തെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. അടിമത്തത്തിന്റെ സഹായത്തോടെ നാഗരികത അതിന്റെ പരമോന്നത കോടിയിൽ എത്തിയപ്പോഴാണ് സമൂഹം ചൂഷകരും ചൂഷിതരും എന്നീ രണ്ടു വർഗങ്ങളായി പിളർന്നത്. നാഗരികതയുടെ എല്ലാ ഘട്ടങ്ങളിലും ഈ ധ്രുവീകരണം തുടർന്നു. പുരാതന കാലത്ത് അടിമത്തമായിരുന്നു ചൂഷണത്തിന്റെ മാർഗ്ഗം. മധ്യകാലത്ത് അത് ജന്മി-കുടിയാൻ ബന്ധത്തിലൂടെയായി. ആധുനിക കാലത്ത് തൊഴിലാളികളാണ് ചൂഷണം ചെയ്യപ്പെടുന്നത്. അടിച്ചമർത്തലിന്റെ മൂന്ന് മുഖ്യരൂപങ്ങളാണിവ. നാഗരികതയുടെ മൂന്ന് ഘട്ടങ്ങളിലായാണ് ഇത് നടന്നത്. അടിമത്ത വ്യവസ്ഥിതി, ഫ്യൂഡലിസം, ആധുനിക മുതലാളിത്തം, ഫ്യൂഡൽ സമ്പ്രദായത്തിൽ ഉത്പ്പാദകൻ ഉൽപ്പാദന ഉപകരണങ്ങളിൽ നിന്ന് പൂർണ്ണമായും വേറിട്ടു നിൽക്കുന്നില്ല. ഫ്യൂഡൽ വ്യവസ്ഥിതിയിലൂടെ കടന്നുപോയതുകൊണ്ടാണ് പടിഞ്ഞാറേ യൂറോപ്യൻ സമ്പദ് വ്യവസ്ഥ അടിമത്തത്തിൽ നിന്ന് മുതലാളിത്തത്തിലേക്ക് പരിണമിച്ചത്.

ഇന്ത്യൻ ഫ്യൂഡലിസത്തെ സംബന്ധിച്ച് പഠനം നടത്തിയ ആർ.എസ്.ശർമയും, ബി.എൻ.എസ് യാദവും പടിഞ്ഞാറൻ മാതൃകയിൽ തന്നെയാണ് ഇന്ത്യയിലും ഫ്യൂഡലിസം വികസിച്ചതെന്ന് വാദിക്കുന്നു. വ്യാപാരവും നാഗരിക ജീവിതവും തമ്മിലുണ്ടെന്ന് കരുതപ്പെടുന്ന വൈപരീത്യത്തെയും ഫ്യൂഡലിസത്തിന്റെ, പ്രത്യേകിച്ച് ബ്രാഹ്മണർക്ക് കൂടുതൽ ഭൂമി പതിച്ചു കിട്ടിയതുവഴി കർഷക സമൂഹത്തിനു മേലുണ്ടായ അധിക സമ്മർദ്ദത്തെയും ചുറ്റിപ്പറ്റിയാണ് അവർ തങ്ങളുടെ വാദഗതികൾ അവതരിപ്പിക്കുന്നത്.

ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക ചരിത്രത്തിൽ കൃഷി എക്കാലവും മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. ഭൂമി, ഭൂവുടമ, കൃഷിപ്പണിക്കാർ, എന്നിവർ കാർഷിക സമ്പദ് ഘട



Scanned with OKEN Scanner

നയിലെ നിർണ്ണായക കണ്ണികളാണ്.

ബ്രാഹ്മണന് ആധിപത്യം ലഭിച്ച ചാതുർവർണ്യ വ്യവസ്ഥയിൽ താരതമ്യേന താഴ്ന്ന വർണ്ണക്കാരെയും അവർ 'ഹിന്ദുക്കൾ' എന്ന് വിളിച്ചു. മലനിരകളിലേക്കു പാലായനം ചെയ്തവർ 'ഗിരിവർഗ്ഗ'ക്കാരായി. ആര്യന്മാരിൽ നിന്ന് വ്യത്യസ്തമായ ശാരീരിക ആകൃതിയുള്ളവർ 'പിന്നോക്കവിഭാഗ"ക്കാരായി. ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥ താങ്ങാനാവാതെ മറ്റു മതങ്ങളിലേക്ക് കുടിയേറിയവർ 'പുറംജാതി' കളായി. ആയതിനാൽ മേൽപറഞ്ഞ എല്ലാ വിഭാഗക്കാരും 'ദലിത് എന്ന വിശാല സങ്കല്പത്തിന്റെ കുടക്കീഴിൽ വരും.

## ജ. ആദ്യകാല ദലിത് തത്വശാസ്ത്രങ്ങൾ

ബ്രാഹ്മണരുടെ അടിച്ചമർത്തലിനെ പ്രതിരോധിച്ചുകൊണ്ട് യുക്തിവാദത്തിലധിഷ്ഠിതമായ ചില തത്വശാസ്ത്രസരണികൾ ബി.സി 500 കളിൽ ഉയർന്നു വന്നു. ബി.സി 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന 'കേശകാംബാലി' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ബി.സി അജിതയുടെ കൃതികളിൽ കാണാവുന്നതാണ്.

എ.ഡി 14-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന മൈസൂർ ശിലാഫലകങ്ങളിൽ നിന്നു ലഭിച്ച അജീവികാതത്വശാസ്ത്രവും പ്രശസ്തമാണ്. ഈ തത്വശാസ്ത്ര സരണിയുടെ മുഖ്യവക്താവ് മഖാലി ഗോസാല ബുദ്ധന്റെ സമകാലീനനായിരുന്നു.

തത്വശാസ്ത്രത്തിൽ തികച്ചും വ്യത്യസ്തമായ സരണി ചാർവാകൻ സ്ഥാപിക്കുകയുണ്ടായി. വിജ്ഞാനത്തിന്റെ ഏക ശ്രോതാവ് ഇന്ദ്രീയാനുഭവമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. സുഖമാണ് ജീവിതത്തിൽ പരമപ്രധാനമെന്നും സമ്പത്തും കാമനയും ആണ് ജീവിതത്തിന്റെ ലക്ഷ്യമൊന്നും മരണാനന്തര ജീവിതം ഇല്ലെന്നും വിശ്വസിച്ചിരുന്ന സാധാരണ ജനങ്ങൾ ചാർവാകന്റെ തത്വശാസ്ത്രത്തെ പിന്തുടർന്നു. ചാർവാക തത്വശാസ്ത്രസരണിയുടെ മറ്റൊരു പേരാണ് ലോകയാത്ര.

## ഝ. ബുദ്ധമതവും ജൈനമതവും ദലിത് ചിന്തകളെന്ന നിലയിൽ

ബുദ്ധിസത്തിന്റെ വ്യാപനം ഹൈന്ദവികതയെ പ്രതികൂലമായാണ് ബാധിച്ചത്. ജാതി വ്യവസ്ഥയിൽ വരിഞ്ഞു മുറുക്കപ്പെട്ട വിഭാഗങ്ങൾ പുതിയ മതത്തിൽ ശാന്തി കണ്ടെത്തി. ബുദ്ധിസം ജാതിവ്യവസ്ഥയെ എതിർത്തു. നാലുജാതിക്കാരുടെയും ആപേക്ഷിക ശുദ്ധിയെ സംബന്ധിച്ച ചോദ്യങ്ങൾ ബുദ്ധന് നിരന്തരം നേരിടേണ്ടി വന്നു. എല്ലാ ജാതിക്കാരും ഒരു പോലെ ശുദ്ധരാണെന്നാണ് അദ്ദേഹം നൽകിയ മറുപടി. മൃഗമനുഷ്യബലിക്കെതിരെയുള്ള ശക്തമായ പ്രതികരണം എന്ന നിലയിലാണ് ബുദ്ധിസം ഉദയം കൊണ്ടത്. തൊട്ടുകൂടായ്മ എന്ന ആശയത്തെപ്പറ്റി ആദ്യം ഞെട്ടൽ



Scanned with OKEN Scanner

പ്രകടിപ്പിച്ചത് ബുദ്ധൻ ആണെന്ന് പറയപ്പെടുന്നു. ഇന്ത്യയിലെ ഹീനമായ ഹിന്ദു ആചാരങ്ങൾക്കെതിരെയാണ് ബുദ്ധമതം ഉദയം കൊണ്ടത്.

ഹിന്ദുമതത്തെ നവീകരിക്കുകയെന്നതായിരുന്നു ജൈനമതം സ്വീകരിച്ച തന്ത്രം. ദിഗംബര സന്യാസിയായിരുന്ന ജൈനസേനൻ ഹൈന്ദവ പുരാണ-ചരിത്രങ്ങൾ പുനർരചിച്ചു. ജൈനസേനൻ "രിഷഭം" എന്ന സങ്കല്പത്തിൽ അധിഷ്ഠിതമായ പുതിയൊരു ജാതി പദ്ധതിക്കു രൂപം നൽകി.

### ഞ. പൊതുമണ്ഡലം സംജ്ഞ - പ്രയോഗം

ജർമ്മൻ തത്വചിന്തകനും സാമൂഹ്യ ശാസ്ത്രജ്ഞനുമായ ജുർഗൻ ഹേബർമാസാണ് പൊതുമണ്ഡലം എന്ന സൈദ്ധാന്തിക സിദ്ധാന്തം മുന്നോട്ടുവെച്ചത്. 1962-ൽ പ്രസിദ്ധീകൃതമായ "The Structural Transformation of the Public Sphere" എന്ന ഗ്രന്ഥത്തിലാണ് പ്രസ്തുത സങ്കല്പം അവതരിപ്പിക്കപ്പെട്ടത്. ആധുനികാനന്തര സാമൂഹ്യ വിശകലന പദ്ധതികളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ് ഹേബർമാസിന്റെ പൊതുമണ്ഡല ചർച്ച. ആധുനിക സമൂഹത്തിന്റെ കേന്ദ്രമേഖലയായ പൊതുമണ്ഡലത്തിന്റെ മുൻ ഉപാധികൾ, ഘടനകൾ അവയുടെ ധർമ്മങ്ങൾ എന്നിവയെ സംബന്ധിച്ച ഒരു ധാരണ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം, നിയമം, രാഷ്ട്രമീമാംസ, സാമൂഹ്യ-സാംസ്ക്കാരിക ചരിത്രം എന്നീ വ്യത്യസ്ത പഠനമേഖലകളിലെ അറിവുകളെയും പഠനക്രമങ്ങളെയും സംയോജിപ്പിക്കുവാൻ ഈ ഗ്രന്ഥം പരിശ്രമിക്കുന്നു.

പൊതുസമൂഹത്തിനും രാഷ്ട്രത്തിനുമിടയിൽ വർത്തിക്കുന്ന ഒന്നാണ് പൊതുമണ്ഡലം (Public Sphere). പൊതുതാത്പര്യ വിഷയങ്ങളെ സംബന്ധിച്ച വിമർശനാത്മകമായ ചർച്ചകൾ വ്യവസ്ഥാപിതമായിത്തന്നെ ഈയിടത്തിൽ അംഗീകരിക്കപ്പെടുന്നുമുണ്ട്. ഉദാരസ്വഭാവമുള്ള പൊതുമണ്ഡലം വളർന്നുകൊണ്ടിരിക്കുന്ന കമ്പോളവ്യവസ്ഥയുടെ ചരിത്രപരമായ പ്രത്യേക സാഹചര്യങ്ങളിലാണ് രൂപപ്പെട്ടത്. 'ദ ബേസിക് ബ്ലൂ പ്രിന്റ്' (The Basic Blue Print) എന്ന ഭാഗത്ത് എന്താണ് പൊതുമണ്ഡലം എന്ന് ഹേബർമാസ് വ്യക്തമാക്കുന്നുണ്ട്. 'സ്വകാര്യവും വൈയക്തികവുമായ തലത്തിൽ നിന്ന് പൊതുവായ ഒരു തലത്തിലേക്ക് വ്യക്തികൾ ഒന്നാകെ വരുന്നത്' എന്നതാണ് ഹേബർമാസ് പൊതുമണ്ഡലം എന്ന വാക്കിന് നൽകുന്ന വിവക്ഷ.



Scanned with OKEN Scanner

നവോത്ഥാനന്തര യൂറോപ്യൻ മുതലാളിത്ത വ്യവസ്ഥിതിയുടെയും, ജനാധിപത്യ രൂപീകരണത്തെക്കുറിച്ചുണ്ടായ അന്വേഷണം എന്ന നിലയിലും അച്ചടി ആധുനികത നിർമ്മിച്ച സാമൂഹ്യാനുഭവങ്ങളുടെ രാഷ്ട്രീയ വിശകലനം എന്ന തലത്തിലും പൊതുമണ്ഡല ചർച്ചകൾ പ്രശസ്തമായി. 'Public Sphere' എന്നത് ഭരണകൂട വിരുദ്ധവും ഭരണകൂട വിമുക്തവുമായ ഒന്നാണ്. ഇതിലെ Public എന്ന സംജ്ഞ ഭരണകൂട ഉടമസ്ഥതയിലുള്ളത് എന്ന സാമാന്യമായ അർത്ഥത്തെയല്ല ഉൾവഹിക്കുന്നത്. ഭരണകൂടാന്തർ ഭാഗത്തുള്ള പൊതുജനാഭിപ്രായ രൂപീകരണത്തിന്റെ സാമൂഹ്യമണ്ഡലം രൂപീകൃതമായതോടെ യുക്തിസഹവും സംവാദാത്മക പരവുമായ അഭിപ്രായ പ്രകടനങ്ങൾ വഴി സജീവമായി.

സാഹിത്യം, നാടകം, സംഗീതം എന്നിവ പൊതുസമൂഹത്തിന് പ്രാപ്തമാവുകയും കലാനിരൂപണത്തിനുള്ള പ്രസിദ്ധീകരണങ്ങളും പംക്തികളും നിലവിൽ വരികയും സാഹിതീയമായ ഒരു പൊതുമണ്ഡലം രൂപം പ്രാപിക്കുകയും ചെയ്തു. അച്ചടി, പത്രമാസികകൾ, സാഹിത്യം, ടെലിവിഷൻ എന്നിവയെല്ലാം കേവലം ജ്ഞാനോത്പാദനം എന്ന ലക്ഷ്യത്തെക്കവിഞ്ഞ് വിമർശനാത്മകമായ സംവാദങ്ങളിലേക്ക് മാറിത്തീർന്നതിന്റെ ഫലമായാണ് സാഹിത്യപൊതുമണ്ഡലം രൂപം കൊണ്ടത്. വർത്തമാന പത്രങ്ങളുടെ ആരംഭം, രാഷ്ട്രീയ പത്രപ്രവർത്തനത്തിന്റെ ആവിർഭാവം എന്നിവയും സാഹിത്യപ്രസ്ഥാനങ്ങളുടെ ആവിർഭാവവും ജനങ്ങളെ പ്രബുദ്ധരാക്കി. അഭിപ്രായ പ്രകടന സ്വാതന്ത്ര്യം, ഭരണകൂട വിമർശനം എന്നിവ രാഷ്ട്രീയ സമൂഹത്തിന്റെ ആധാരശിലകളായി മാറി.

നാലാം ഭാഗത്ത് ഹേബർമാസ് ചർച്ച ചെയ്യുന്നത് ബൂർഷ്വ പൊതുമണ്ഡലം എന്ന ആശയത്തെയും അതിന്റെ പ്രത്യയ ശാസ്ത്രത്തെയുമാണ്. പൊതുജനാഭിപ്രായത്തിന്റെ ചരിത്രപരവും ഭരണഘടനാപരവുമായ രൂപീകരണ ചർച്ച ഈ ഭാഗത്ത് നടത്തുന്നു. നവോത്ഥാനം മുതൽ വായനാസമൂഹം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ മുൻനിർത്തി താത്വികമായി അപഗ്രഥിക്കുന്നതിന് "Critique of Practical Reason" എന്ന ഇമ്മാനുവൽ കാന്റിന്റെ പുസ്തകത്തെയാണ് ഹേബർമാസ് ആശ്രയിച്ചത്.

അക്കാദമികമായി വ്യാപകമായ അംഗീകാരം ലഭിക്കുമ്പോൾ തന്നെ അനേകം വിമർശനങ്ങളെയും ഹേബർമാസിന്റെ പൊതുമണ്ഡലത്തിന് അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. മാർക്സിയൻ രീതി ശാസ്ത്രത്തെ അവലംബിച്ച് നടത്തിയ ഈ സാമൂഹ്യചരിത്ര വിശകലനത്തിൽ മധ്യവർഗ്ഗത്തെ മാത്രമേ ചർച്ചയിൽ ഉൾപ്പെടുത്തി



Scanned with OKEN Scanner

യിട്ടുള്ളൂ. കറുത്തവരും, നിരക്ഷരരും, സ്ത്രീകളും പൊതുമണ്ഡല ചർച്ചയ്ക്ക് പുറത്തായിരുന്നു. പൊതുമണ്ഡലം എവിടെയും അതിന്റെ പ്രാരംഭകാലത്ത് വിദ്യാഭ്യാസം നേടിയ സ്വത്തുടമസ്ഥതയും സാമൂഹിക ഇടപെടൽ സാധ്യതയുമുള്ള മധ്യവർഗത്താൽ നിർണ്ണയിക്കപ്പെടുന്നതായിരിക്കും. ദലിതർ, ദരിദ്രർ, നിരക്ഷരർ, സ്ത്രീകൾ എന്നിങ്ങനെ പല വിഭാഗങ്ങളും ഇതിനു വെളിയിലായിരുന്നു. എന്നാൽ കാലക്രമേണ കൂടുതൽ വിഭാഗങ്ങളെ ഉൾക്കൊള്ളുവാനുള്ള ശേഷി പൊതുമണ്ഡലം കൈവരിക്കുക തന്നെ ചെയ്യും.

ഹേബർമാസിന്റെ നിരീക്ഷണപ്രകാരം ബഹുജനാഭിപ്രായം രൂപപ്പെടുത്തുവാനുള്ള സാമൂഹിക ജീവിതത്തിലെ ഏതൊരു മേഖലയും പൊതുമണ്ഡലമാണ്. ഓരോ പൗരനും സ്വന്തം അഭിപ്രായം സ്വതന്ത്രമായി പ്രകടിപ്പിക്കുവാനുള്ള ഇടമാണ് പൊതുമണ്ഡലം. പൗരൻമാർക്ക് ഒത്തുചേരാനും സ്വാഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും യുക്തിഭദ്രമായ സംവാദങ്ങളിൽ ഏർപ്പെടുവാനും പൊതുസ്വീകാര്യമായ പ്രശ്നങ്ങളിന്മേൽ ജനാധിപത്യപരമായ തീരുമാനങ്ങളിൽ എത്തിച്ചേരുവാനും പൊതുമണ്ഡലം വഴിയൊരുക്കുന്നു. വർത്തമാനപത്രങ്ങൾ, ആനുകാലികങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവ ഇത്തരത്തിൽ പൊതുമണ്ഡലത്തിന്റെ മാധ്യമങ്ങളായി വർത്തിക്കുന്നു.

പൊതുതാല്പര്യ വിഷയങ്ങളിൽ മുഖാമുഖങ്ങളിലൂടെയോ എഴുത്തുകളിലൂടെയോ വർത്തമാന പത്രങ്ങളിലൂടെയോ പൗരൻ പരസ്പര സംവാദത്തിലേർപ്പെടുമ്പോഴാണ് പൊതുമണ്ഡലം നിലവിൽ വരുന്നത്. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ജനാധിപത്യപരമായും സ്വതന്ത്രമായും അഭിപ്രായം പറയാനുള്ള സാങ്കല്പിക സ്ഥലമായാണ് പൊതുമണ്ഡലം നിലകൊള്ളുന്നത്. സാമൂഹിക സമത്വത്തിനും അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിനും വേണ്ടി സാമൂഹിക സംവാദങ്ങളിലൂടെ വികസിപ്പിച്ചെടുക്കുന്ന സ്ഥലപരമായ സങ്കല്പമാണ് ഹേബർമാസിന്റെ പൊതുമണ്ഡലം.



Scanned with OKEN Scanner

# അധ്യായം - II

# മിഷണറി പ്രവർത്തനവും ദലിത് ഉന്നതിയും

## II. ക. മിഷണറി പ്രവർത്തനവും ദലിത് ഉന്നതിയും

അറബിക്കടൽ കൊള്ളക്കാരുടെ ശല്യത്തിൽ നിന്നും ശക്തമായ ഹിന്ദുക്കളുടെ അടിച്ചമർത്തലിൽ നിന്നും സംരക്ഷണം ലഭിക്കുമെന്നതിനാൽ വലിയൊരു വിഭാഗം ജനങ്ങൾ ക്രിസ്തുമതം സ്വീകരിക്കുന്നതിന് തയ്യാറായി. പിന്നീടാണ് ഗോവയിൽ വികാരി ജനറൽ ആയിരുന്ന ഫാദർ മിഗുവൽവാസ് കടന്നു വരുന്നത്. മോണ്ടെ കൊർവിനോയിലെ ജോൺ ആണ് ആദ്യമായി ഇന്ത്യ സന്ദർശിച്ച ലാറ്റിൻ മിഷണറി കംബാലയിലെ ആർച്ച് ബിഷപ്പ് 1291-ൽ ഇന്ത്യയിൽ ഇറങ്ങുകയുണ്ടായി. ഒരു ഫ്രഞ്ച് ഡൊമിനിക്കൻ പുരോഹിതനായ ജോർദാനസാണ് അതിനുശേഷം വന്നത്. 1323-ൽ ഡൊമിനിക്കൻ, ഫ്രാൻസിസ്ക്കൻ തുടങ്ങിയവരും എത്തി. ആദ്യ വർഷം തൂത്തുക്കുടിയിലാണ് ഫ്രാൻസിസ് പ്രവർത്തിച്ചത്. തൊട്ടടുത്ത വർഷം അദ്ദേഹം തിരുവിതാംകൂറിലേക്ക് വന്നു. 1544 അവസാനിക്കുന്നതിന് മുമ്പായി തിരുവിതാംകൂറിൽ അദ്ദേഹം 45 പള്ളികൾ പണികഴിപ്പിച്ചു. ഇത്തരത്തിൽ ആദ്യം ക്രിസ്തുമതം സ്വീകരിച്ച പിന്നോക്ക വിഭാഗക്കാരായ തീരദേശ ക്രിസ്ത്യാനികളെ "ലാറ്റിൻ ക്രിസ്ത്യാനികൾ" എന്ന പേരിൽ അറിയപ്പെട്ടു.

ബ്രിട്ടീഷുകാരുമായുള്ള രാഷ്ട്രീയ ബന്ധത്തിന്റെ ഫലമായി തിരുവിതാംകൂർ - കൊച്ചി രാജസഭകളിൽ ഒരു റസിഡന്റ് നിയമിക്കപ്പെട്ടു. 1800-ൽ തിരുവിതാംകൂറിലെ ആദ്യ റസിഡന്റായി കേണൽ സി.മെക്കാളെ നിയമിതനായി. ഹിന്ദു ജാതി വ്യവസ്ഥയിൽ കടുത്ത പീഢനം അനുഭവിച്ചിരുന്ന ക്രിസ്ത്യൻ സമുദായക്കാരുടെ കാര്യങ്ങളിൽ മെക്കാളെ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു. അവരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനായി പ്രൊട്ടസ്റ്റന്റ് മിഷണറിമാരെ അദ്ദേഹം നിയോഗിച്ചു.

ലണ്ടൻ ആസ്ഥാനമായുള്ള ഭരണാധികാരികളുടെ ആശീർവാദം ലഭിച്ച മിഷണറിമാർ ജാതീയ അനീതികൾ ഇല്ലായ്മ ചെയ്യുന്നതിനും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും അനുയോജ്യമായ മണ്ണാണ് കേരളത്തിൽ കണ്ടത്. അങ്ങനെ പ്രൊട്ടസ്റ്റന്റ് സഭയുടെ പ്രവർത്തനം കേരളത്തിൽ ദലിതരുടെ വിമോചന ചരിത്രത്തിന് തുടക്കം കുറിച്ചു.

എൽ.എം.എസ് മിഷണറിമാർ തുടക്കം മുതൽ തന്നെയും സി.എം.എസു



Scanned with OKEN Scanner

കാർ മാവേലിക്കര സിനഡിനു ശേഷവും താഴേക്കിടയിലുള്ള വിഭാഗങ്ങളുമായി നേരിട്ട് ബന്ധം സ്ഥാപിച്ചു. പരമ്പരാഗത സാമൂഹിക നിയമത്തിനു കീഴിൽ നിരവധി അസ്വാതന്ത്ര്യങ്ങൾ അനുഭവിച്ചിരുന്ന ദലിതർ തങ്ങളുടെ ഭൗതികവും ആത്മീയവുമായ ഉന്നമനം മിഷണറിമാരുടെ സഹായത്തോടെ സാധ്യമാകുമെന്ന് പ്രതീക്ഷിച്ചു. ദലിതരുടെ മേൽ അടിച്ചേല്പിക്കപ്പെട്ട തലക്കരം, ഊഴിയംവേല എന്നിവയിൽ നിന്ന് ഒഴിവാക്കുന്നതിനും വിദ്യാഭ്യാസം, മാറുമറയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം പൊതുവീഥികളിലൂടെ നടക്കാനുള്ള അവകാശം എന്നിവ ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടി മിഷണറിമാർ പ്രവർത്തിച്ചു.

തിരുവിതാംകൂർ ജാതി ശ്രേണിയിൽ നായന്മാർക്കും അടിമ വിഭാഗങ്ങൾക്കും ഇടയ്ക്കുള്ള സ്ഥാനമായിരുന്നു നാടാൻമാരുടെയും ഈഴവരുടെയും. തെക്കൻ തിരുവിതാംകൂറിൽ നാടാർ സമുദായവും വടക്കൻ തിരുവിതാംകൂറിൽ ഈഴവ സമുദായവുമായിരുന്നു ഭൂരിപക്ഷ വിഭാഗങ്ങൾ. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നാടാൻമാരുടെ സാമൂഹിക വ്യവസ്ഥ അതീവ ശോചനീയമായിരുന്നു. ചാന്നാർ ജാതിയിൽ ജീവിച്ചിരുന്നവർക്ക് മാത്രമല്ല മരിച്ചവർക്കും തലക്കരം കൊടുക്കണമായിരുന്നു. ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനോ റോഡിലൂടെ നടക്കാനോ അനുവാദം ഉണ്ടായിരുന്നില്ല. ചെരുപ്പിടാനും സ്വർണ്ണാഭരണങ്ങൾ ധരിക്കാനും കുടങ്ങളിൽ വെള്ളം കൊണ്ടുപോകാനും പശുക്കളെ കറക്കുന്നതിനും ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അവർക്ക് അവകാശം ഉണ്ടായിരുന്നില്ല. നാട്ടിൽ പൊതുവായി സംസാരിക്കുന്ന ഭാഷകൾ ഉപയോഗിക്കുന്നതിനു പോലും അവർക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. ഏറെ അപഹാസ്യമായ മറ്റു കാര്യങ്ങളും ഉണ്ടായിരുന്നു. മുടി വളർത്തുന്നതിന് കരം കൊടുക്കണമായിരുന്നു. സ്ത്രീകൾക്ക് മുലക്കരം നൽകണമായിരുന്നു. ഇങ്ങനെ വിവിധതരം കരങ്ങൾ പിരിച്ചെടുത്തിരുന്നു. നികുതി പിരിവുകാരുടെ ശല്യം സഹിക്കവയ്യാതെ ഒരു ഈഴവ സ്ത്രീ സ്വന്തം മുലമുറിച്ച് പിരിവുകാർക്ക് നൽകിയ സംഭവം പോലും ഉണ്ടായിട്ടുണ്ട്.

മിഷണറിമാരുടെ ഇടപെടൽ മൂലം 1814-ൽ ജൂൺ 29-ന് ക്രിസ്ത്യാനികളെ കരത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള പ്രഖ്യാപനം പുറപ്പെടുവിച്ചു. 1815-ൽ പാവപ്പെട്ടവരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ടിരുന്ന എല്ലാ അന്യായ കരങ്ങളും നിർത്തലാക്കപ്പെട്ടു. കീഴ്ജാതിക്കാർക്ക് മേൽമുണ്ട് ധരിക്കുന്നതിന് വിലക്കുണ്ടായിരുന്നു. പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ പ്രവർത്തനം മൂലം താഴ്ന്ന ജാതിക്കാർക്ക് സാമ്പ



Scanned with OKEN Scanner

ത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ ഉന്നമനം ഉണ്ടായി. ഉന്നത വിഭാഗങ്ങളുമായി തുല്യത ലഭിക്കുന്നതിനു വേണ്ടി അവർ നടത്തിയ ശ്രമം 'മാറുമറയ്ക്കൽ' സമരത്തിലേക്ക് നയിച്ചു. മാറുമറച്ച സ്ത്രീകളെ പൊതുസ്ഥലങ്ങളിൽ ആക്രമിക്കുകയും അവരുടെ വസ്ത്രങ്ങൾ പിച്ചിച്ചീന്തുകയും ചെയ്തു. ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കരുതെന്നും ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സർക്കാരിന് വേണ്ടി ഊഴിയംവേല ചെയ്യണമെന്നും രാജകീയ വിളംബരം 1829 ഫെബ്രുവരി 03-ന് തിരുവിതാംകൂർ സർക്കാർ പുറപ്പെടുവിച്ചു. ചാന്നാർ സ്ത്രീകൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് വേഷവിധാനം ചെയ്യാവുന്നതാണെന്നും എന്നാൽ ഉന്നതജാതിക്കാരുടെ വസ്ത്രധാരണരീതി അവർ അനുകരിക്കരുതെന്നും അവർ ഈ ഉത്തരവിൽ പറയുന്നു. 1859-ൽ ചാന്നാർ സ്ത്രീകൾക്ക് അനുവദിക്കപ്പെട്ട ഈ അവകാശം 1865-ൽ എല്ലാ ജാതിക്കാർക്കും ബാധകമാക്കി. തിരുവിതാംകൂറിൽ ജാതിവ്യവസ്ഥയ്ക്കെതിരെ നടന്ന ആദ്യത്തെ സംഘടിത സമരമായിരുന്നു 'ചാന്നാർ കലാപം'. ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ വേണ്ടി അനുമതി നൽകിക്കൊണ്ട് 1859-ൽ ഉത്രം തിരുനാൾ പ്രഖ്യാപനം നടത്തി.

കേരളത്തിന്റെ രാഷ്ട്രീയ ഘടനയുടെ മറ്റൊരു ഹീനമായ മുഖം അടിമത്തമായിരുന്നു. അടിമകളുടെ ദുരവസ്ഥ പരിഹരിക്കുന്നതിനുള്ള ആദ്യനീക്കം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത് 1812-ലാണ്. മണ്ണിൽ കൃഷിപ്പണിയെടുക്കുന്നവർ ഒഴികെയുള്ള അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നത് നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് കേണൽ മൺറോ പുറപ്പെടുവിച്ചു. 1843-ൽ ബ്രിട്ടീഷ് ഇന്ത്യയിൽ അടിമത്തം നിർത്തലാക്കിക്കൊണ്ട് ഇന്ത്യൻ സർക്കാർ നിയമനിർമ്മാണം നടത്തി. ഇതുവഴി അടിമകൾക്ക് നിയമത്തിന് മുന്നിൽ തുല്യത ലഭിച്ചു. 1853 സെപ്റ്റംബർ 15-നുശേഷം ജനിക്കുന്ന കുട്ടികളെ സർക്കാർ അടിമത്തരത്തിൽ നിന്ന് മോചിപ്പിച്ചു. മലബാറിൽ ഈസ്റ്റിന്ത്യാകമ്പനിയുടെ കമ്മീഷണർമാർ 1792-ൽ അടിമവ്യാപാരം നിരോധിച്ചു കൊണ്ടുള്ള ഉത്തരവിറക്കി. നികുതി കുടിശ്ശിക അടയ്ക്കാത്തതിന്റെ പേരിൽ അടിമകളെ പിടിച്ചു കൊണ്ടുപോകുന്ന സമ്പ്രദായവും 1819-ൽ നിർത്തലാക്കി. 1836-ൽ അടിമകളെ വാർഷിക നികുതിയിൽ നിന്നും ഒഴിവാക്കി.

പുരാതനകാലത്തെ അധ്യയന സമ്പ്രദായം തന്നെയാണ് 18-ാം നൂറ്റാണ്ടിന്റെ അവസാനവും തിരുവിതാംകൂറിലും കൊച്ചിയിലും പിന്തുടർന്ന് പോന്നത്. നൂറ്റാണ്ടുയുദ്ധം (ചേര ചോള യുദ്ധം) 11-ാം നൂറ്റാണ്ടിൽ ഫ്യൂഡലിസത്തിന്റെ വളർച്ചയ്ക്ക്



Scanned with OKEN Scanner

വഴിയൊരുക്കി. ബ്രാഹ്മണർ ക്ഷേത്രങ്ങളുടെ ട്രസ്റ്റുകളായി മാറി. ക്ഷേത്രങ്ങൾ സാമൂഹിക - സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി മാറിയപ്പോൾ അവയോടു ചേർന്നുള്ള 'ശാലകൾ' എന്നറിയപ്പെടുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങളും പുരോഗതി കൈവരിച്ചു. ശാലകൾ യുദ്ധത്തിൽ തകർന്നതോടെ അവയുടെ സ്ഥാനത്ത് ക്ഷേത്രസർവ്വകലാശാലകൾ എന്ന നിലയിൽ 'സഭാമഠങ്ങൾ' നിലവിൽ വന്നു. ശാലകളും സഭാമഠങ്ങളും ബ്രാഹ്മണരുടെ മാത്രം വിദ്യാഭ്യാസത്തിനു വേണ്ടിയുള്ളതായിരുന്നു. അബ്രാഹ്മണർക്കു വേണ്ടി ഗ്രാമതലത്തിൽ 'എഴുത്തുപള്ളികൾ' ഉണ്ടായിരുന്നു. ഇത് നടത്തിയത് 'എഴുത്തച്ഛൻ' അഥവാ 'ആശാൻ' ആയിരുന്നു.

പറയ-പുലയ-കുറവ ജാതിക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിൽ മിഷണറിമാർ പ്രത്യേകം താല്പര്യം എടുത്തു. അനാഥകുട്ടികൾക്കു വേണ്ടി മിഷണറിമാർ പ്രത്യേകം സ്കൂളുകൾ തുറന്നു.

റവ.നോർട്ടൺ 1817-ൽ ആദ്യമായി ഒരു സ്കൂൾ സ്ഥാപിച്ചു. 1830-നകം ആലപ്പുഴ ജില്ലയിൽ 11 വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. സുറിയാനി ക്രിസ്ത്യാനികളുടെ പിന്നോക്കാവസ്ഥ മനസിലാക്കിയ മൺറോ 1814-ൽ കോട്ടയത്ത് ഒരു കോളേജ് സ്ഥാപിച്ചു. 1820-ൽ നോർട്ടന്റെ ഭാര്യ ആലപ്പുഴയിൽ പെൺകുട്ടികൾക്കായി ഒരു സ്കൂൾ സ്ഥാപിച്ചു. അതേവർഷം തന്നെ ബേക്കറുടെ ഭാര്യയും 1822-ൽ ബെയ്‌ലിയുടെ ഭാര്യയും കോട്ടയത്ത് പെൺകുട്ടികൾക്കായി ഒരു വിദ്യാലയം സ്ഥാപിച്ചു. പീറ്ററും അദ്ദേഹത്തിന്റെ ഭാര്യയും ചേർന്ന മാവേലിക്കരയിലും ഒരു വിദ്യാലയം തുറന്നു.

1813-ൽ ബ്രിട്ടീഷ് പാർലമെന്റ് ഒരു നിയമം പാസ്സാക്കുകയുണ്ടായി. ഇതോടെ ഇന്ത്യയിൽ മതപ്രവർത്തനങ്ങൾക്കുണ്ടായിരുന്ന നിയന്ത്രണങ്ങൾ ഇല്ലാതായി. ബ്രിട്ടീഷുകാരല്ലാത്ത മിഷണറിമാർക്കും ഇന്ത്യയിൽ പ്രവർത്തിക്കാമെന്ന് ബ്രിട്ടീഷ് പാർലമെന്റ് പ്രഖ്യാപിക്കുകയും 1833-ൽ ബാസൽ മിഷൻ തങ്ങളുടെ മിഷണറിയെ ഇന്ത്യയിലേക്ക് അയയ്ക്കുകയും ചെയ്തു. "ബാസൽ ഇവാൻജലിക്കൽ മിഷണറി സൊസൈറ്റി" എന്ന പേരിലാണ് ഈ പ്രസ്ഥാനം അറിയപ്പെട്ടത്. 1815 ജൂണിൽ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയൻ പരാജയപ്പെടുകയും 1815 സെപ്റ്റംബർ 25-ന് ബാസൽ മിഷൻ രൂപീകരിക്കുകയും ചെയ്തു.

ഒരു ധനിക സമൂഹത്തെ വാർത്തെടുക്കുക എന്നതായിരുന്നില്ല മിഷണറിമാരുടെ ലക്ഷ്യം. മറിച്ച് സ്വന്തം വരുമാനമുള്ള സ്വതന്ത്ര തൊഴിലാളികളായി മാറ്റി തീർക്കാനുള്ള ശ്രമമാണ് അവർ നടത്തിയത്. അടിമത്തം അനുഭവിച്ചിരുന്ന കുടി



Scanned with OKEN Scanner

യാന്മാരെ കരകൗശല വിദ്യയിൽ പ്രാവീണ്യവും അഭിമാനവും ഉള്ള തൊഴിലാളികളാക്കി മാറ്റിക്കൊണ്ട് കുടിൽ വ്യവസായത്തിലൂടെ ഒരു ക്ഷേമസമൂഹം കെട്ടിപ്പടുക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. മിഷണറിമാർ അവതരിപ്പിച്ച പുതിയ വിദ്യാഭ്യാസ, വ്യവസായിക സംരംഭങ്ങൾ സാമ്പത്തിക രംഗത്തെ പുരോഗതിയിലേക്ക് നയിക്കുകയും അത് തൊട്ടുകൂടാത്തവരുടെ ഇരുണ്ട മനസ്സിൽ പ്രത്യാശയുടെ ദീപങ്ങൾ തെളിയിക്കുകയും ചെയ്തു. ഇത് അവരെ കൂടുതൽ ബോധവാൻമാരാക്കുകയും വിവേകത്തോടെ ചിന്തിക്കാൻ പ്രാപ്തരാക്കുകയും ചെയ്തു. സാമ്രാജ്യത്വം വിദേശ മിഷണറിമാരുടെ പ്രവർത്തനങ്ങൾക്കു മുമ്പിൽ ഒരു പുകമറ സൃഷ്ടിക്കുകയാണെന്നും അവരെ ചൂഷണത്തിന് വിധേയമാക്കുകയാണെന്നും അവർ തിരിച്ചറിഞ്ഞു. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും കുറഞ്ഞ വിലയ്ക്ക് അധ്വാനം ലഭ്യമാക്കുകയാണ് സാമ്രാജ്യത്വ ശക്തികളുടെ താല്പര്യമെന്ന് അവർ തിരിച്ചറിഞ്ഞു. കാലക്രമേണ അടിസ്ഥാനപരമായി ദലിതർ ആയിരുന്ന ഈ തൊട്ടുകൂടാത്താവർ മിഷണറിമാരുടെ പ്രവർത്തനങ്ങളിലെ വിവേചനത്തിനെതിരെ ശബ്ദമുയർത്താൻ തുടങ്ങി. ഇതേ തുടർന്നുണ്ടായ ദലിത് പ്രസ്ഥാനങ്ങളെ ആദ്യകാല ദലിതർ, പിൽക്കാല ദലിതർ എന്നിങ്ങനെ രണ്ടായി തിരിക്കാം.



Scanned with OKEN Scanner

# അധ്യായം - III

# കേരളത്തിലെ ദലിത് പരിഷ്കർത്താക്കളും പൊതുമണ്ഡല രൂപീകരണവും

## III. ക. ആദ്യകാല ദലിത്പക്ഷ നായകന്മാർ

കേരളത്തിലെ ദലിത് മുന്നേറ്റം വ്യക്തികളിലൂടെ സംക്രമിച്ച് പ്രസ്ഥാനമാവുകയും അത് സമൂഹ നിർമ്മാണ പ്രക്രിയയായി തീരുകയുമാണ് ഉണ്ടായത്. ദലിത് ഉന്നമനത്തിന് വേണ്ടി ചില സാമൂഹിക പരിഷ്ക്കർത്താക്കൾ സവിശേഷമായി മുന്നിട്ടിറങ്ങി ഇവരെ പ്രത്യേകമായി പഠിക്കുകയാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം. ദലിത്പക്ഷ പരിഷ്ക്കർത്താക്കളെയും ദലിത് പ്രവർത്തകരെയുമൊക്കെ സവിശേഷമായി പഠനവിധേയമാക്കി അവരെങ്ങനെ ഒരു പൊതു ദലിത് സമൂഹ നിർമ്മാണ പങ്കാളികളായെന്നും ഈ അദ്ധ്യായം വിവരിക്കുന്നു.

### ക.ക. വൈകുണ്ഠസ്വാമികൾ

മതത്തിന്റെ പേരിൽ നടന്നുവന്ന അനാചാരങ്ങളെയും ഹീനസമ്പ്രദായങ്ങളെയും അദ്ദേഹം ശക്തമായി എതിർത്തു. മുത്തുക്കുട്ടി ഇങ്ങനെ പാവങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുകയും അവരുടെ ഉന്നമനത്തിനായി പ്രയത്നിക്കുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ ജീവന് പോലും ഭീഷണിയായി. ഇങ്ങനെയുള്ള സംഭവങ്ങൾക്കു ശേഷം അദ്ദേഹത്തെ ജനപ്രിയനാക്കുകയും പാവപ്പെട്ടവരുടെ മോചനത്തിനായി ഉയിർകൊണ്ട വൈകുണ്ഠസ്വാമികളായി മാറ്റിത്തീർക്കുകയും ചെയ്തു.

കീഴാളന്റെ ഐക്യത്തിലൂടെ ധർമ്മത്തിലധിഷ്ഠിതമായ പുതിയൊരു മത-സാമൂഹികക്രമം സ്ഥാപിക്കുന്നതിൽ വൈകുണ്ഠസ്വാമികൾ പ്രധാന പങ്കുവഹിച്ചു. സാധാരണക്കാരന്റെ നടുവൊടിക്കുന്ന, മനുഷ്യത്വരഹിതമായ നികുതി സംവിധാനത്തിനെതിരെ പോരാടികൊണ്ടാണ് വൈകുണ്ഠസ്വാമികൾ തന്റെ വിപ്ലവകരമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. നിലനിന്നിരുന്ന ഭരണസംവിധാനത്തോട് അദ്ദേഹം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. അധികകരം അടയ്ക്കേണ്ടതില്ലെന്നും ഏതൊരാൾക്കും തന്റെ അധ്വാനത്തിന്റെ ഫലമായുണ്ടാകുന്ന സമ്പത്ത് അനുഭവിക്കാൻ അവകാശമുണ്ടെന്നും അദ്ദേഹം കീഴാളരോട് പറഞ്ഞു. ഊഴിയം വേല ചെയ്യരുതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇത്തരം സോഷ്യലിസ്റ്റ് ആശയങ്ങൾ



Scanned with OKEN Scanner

മുന്നോട്ടുവെച്ച പരിഷ്ക്കർത്താക്കളുടെ മുൻഗാമിയാണ് വൈകുണ്ഠസ്വാമികൾ. അവർണ്ണരെ ജാതീയ ഉച്ചനീചത്വങ്ങളിൽ വിഗ്രഹാരാധന, മന്ത്രവാദം, മൃഗബലി, അന്ധവിശ്വാസങ്ങൾ, അടിമത്തം എന്നിവയിൽ നിന്ന് മോചിപ്പിക്കുന്നതിനായുള്ള ഘോരസമരങ്ങൾ വൈകുണ്ഠസ്വാമികൾ നടത്തി.

ധർമ്മത്തിലധിഷ്ഠിതമായ ജാതിരഹിത, സമത്വസുന്ദരം സമൂഹമാണ് അദ്ദേഹം വിഭാവന ചെയ്തത്. ജന്മനാ അടിച്ചേൽപ്പിക്കപ്പെടുന്ന അസമത്വം ഇല്ലായ്മ ചെയ്യാൻ അദ്ദേഹം കിണഞ്ഞു പരിശ്രമിച്ചു.

"ഒരു ലോകം, ഒരു യുഗം, ഒരു വചനം!

ഒരു ദൈവം, ഒരു ജാതി, ഒരു വംശം!"

എന്നതായിരുന്നു ഇദ്ദേഹത്തിന്റെ ആശയം. ഈ ആശയത്തെ പരിഷ്ക്കരിച്ചാണ് പിന്നീട് ശ്രീനാരായണ ഗുരു,

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്"

എന്ന ആശയം മുന്നോട്ടുവെച്ചത്. 1830-ൽ വൈകുണ്ഠസ്വാമികൾ 'സമത്വ സമാജം' രൂപീകരിച്ചു. തൊട്ടുകൂടായ്മ ഇല്ലായ്മ ചെയ്യാൻ വേണ്ടിയാണ് 'പന്തി ഭോജനം' എന്ന ആശയം അദ്ദേഹം മുന്നോട്ടുവെച്ചത്. കേരളത്തിൽ പന്തിഭോജനത്തിന് തുടക്കം കുറിച്ചത് സഹോദരൻ അയ്യപ്പനാണെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നത്. എന്നാൽ അതിനും നൂറ്റാണ്ടുകൾ മുമ്പുതന്നെ വൈകുണ്ഠസ്വാമികൾ ഇതിന് തുടക്കം കുറിച്ചിരുന്നു.

വൈകുണ്ഠസ്വാമിയുടെ ഏറ്റവും വിപ്ലവകരമായ നടപടി പ്രതിഷ്ഠയ്ക്കു പകരം ഒരു കണ്ണാടി സ്ഥാപിച്ചതായിരുന്നു. പിന്നീട് ഇത് കണ്ണാടി പ്രതിഷ്ഠയായി സ്ഥാപിച്ചത് ശ്രീനാരായണ ഗുരുവാണ്. വൈകുണ്ഠസ്വാമികളുടെ വിമർശനങ്ങളുടെ ഫലമായി സ്വാമികൾ ക്രിസ്ത്യാനികൾക്ക്, പ്രത്യേകിച്ചും മിഷണറിമാർക്ക് അനഭിമതനായി. അവർ അദ്ദേഹത്തെ 'സാത്താനെ' ന്നും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെ 'മാത്തുക്കുട്ടിയിസം' എന്നും വിളിച്ചു. ദക്ഷിണേന്ത്യയിലുടനീളം വലിയൊരു വിഭാഗം ജനങ്ങളെ തന്റെ അനുയായികളാക്കാൻ സ്വാമികൾക്ക് കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭക്തർ അദ്ദേഹത്തിന് 'അയ്യ' (പിതാവ്) എന്ന പദവി നൽകി ആദരിച്ചു. 1851-ൽ സ്വാമികൾ സമാധിയടഞ്ഞ സ്വാമിതോപ്പിൽ അദ്ദേഹത്തിന്റെ അനുയായികൾ ഒരു മണ്ഡപവും ശവകുടീരവും നിർമ്മിക്കുകയുണ്ടായി.



Scanned with OKEN Scanner

## ക.ഖ. അരുളാനന്ദം

ദക്ഷിണ തിരുവിതാംകൂറിൽ നിന്ന് ഉയർന്നു വന്ന ഒരു സാമൂഹിക പരിഷ്ക്കർത്താവായിരുന്നു അരുളാനന്ദം.

1840-ൽ ആന്റണി എന്ന നാടാർ സമുദായത്തിൽ പെട്ട ഒരാളും അയാളുടെ കുടുംബവും റോമൻ കത്തോലിക്ക സഭയിലേക്ക് കുടിയേറി. കത്തോലിക്ക സഭയിൽ നിന്ന് വിദ്യാഭ്യാസം ലഭിച്ച ആന്റണിക്ക് മിഷണറി സ്കൂളിൽ അസിസ്റ്റന്റായി ജോലി ലഭിച്ചു. എന്നാൽ പ്രൊട്ടസ്റ്റന്റ് സഭയുമായി അടുത്ത ബന്ധം സ്ഥാപിച്ചതോടെ അരുളാനന്ദം എന്ന പേര് സ്വീകരിച്ച് അദ്ദേഹം പ്രൊട്ടസ്റ്റന്റായി മാറി.

മേൽവസ്ത്രം ധരിക്കുന്നതുൾപ്പടെയുള്ള നിരവധി വിലക്കുകളും അവകാശ നിഷേധങ്ങളും നിലനിന്ന ദലിത് വിഭാഗങ്ങൾക്കിടയിലാണ് അരുളാനന്ദം തന്റെ മിഷണറി പ്രവർത്തനം ആരംഭിച്ചത്.

## ക.ഗ. മോശവത്സലം ശാസ്ത്രിയാർ

15-ാം വയസ്സിൽ എൽ.എം.എസ് മിഷണറിമാരുടെ നാഗർ കോവിലിലെ സെമിനാരിയിൽ ഉന്നതവിദ്യാഭ്യാസം നേടുകയും ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു എന്നീ ഭാഷകൾ പഠിക്കുകയും തമിഴ് നാടോടി സംഗീതം ഹൃദിസ്ഥമാക്കുകയും ചെയ്തു. ചിത്രകലയിലും ഇദ്ദേഹം പ്രാഗല്ഭ്യം നേടി. സുവിശേഷത്തോടൊപ്പം അദ്ദേഹം ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും അത് ദലിതരുടെ മനസിനെ ആഴത്തിൽ സ്പർശിക്കുകയും ചെയ്തു. അടിമകളുടെ മോചനത്തിന്റെ ആപ്തവാക്യമായി അദ്ദേഹം ചിട്ടപ്പെടുത്തിയ വരികളാണ്

"അടിമവേല ഒഴിഞ്ഞു നമ്മുടെ
അടിയോല അഴിഞ്ചുതേ"

അടിമത്തത്തിന്റെ ഊരാക്കുടുക്ക് എന്നെന്നേക്കുമായി അഴിഞ്ഞെന്നും നാം ഇപ്പോൾ അടിമത്തത്തിൽ നിന്ന് മോചിതരായെന്നുമാണ് ഈ വരികളുടെ അർത്ഥം. അന്നത്തെ രാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ സഹായത്തോടെ സുവേശഷ പ്രവർത്തനം നടത്താൻ കഴിഞ്ഞ മോശയുടെ ജനപ്രീതി വർദ്ധിപ്പിച്ചു. ജാതി സമത്വത്തിനെതിരെ ദലിതർ നടത്തിയ വിജയമായിരുന്നു അത്. മോശവത്സലം പ്രൊട്ടസ്റ്റന്റ് വിശ്വാസിയായിരുന്നെങ്കിലും സുറിയാനി കത്തോലിക്കരുടെ ഇടയിലും അദ്ദേഹത്തിന് വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിഞ്ഞു. മൂന്ന് വർഷത്തോളം അദ്ദേഹം



Scanned with OKEN Scanner

അവരുടെയിടയിലും മിഷണറി പ്രവർത്തനം നടത്തിയിരുന്നു. സംഗീതത്തിലും കാവ്യത്തിലുമുള്ള മോശയുടെ പ്രാവീണ്യം തിരിച്ചറിഞ്ഞ സിറിയൻസഭാ മെത്രോപോലീത്ത മാർ ഡയോനീഷ്യസ് അദ്ദേഹത്തിന് 'ശാസ്ത്രിയാർ' ബഹുമതി നൽകി. സവർണ്ണ ക്രൈസ്തവർക്കിടയിലൊരു ദലിത് ക്രൈസ്തവന് ലഭിച്ച അംഗീകാരമായിരുന്നു ഇത്.

1870-ൽ തിരുവിതാംകൂർ സർക്കാർ പൊതുവീഥികൾ എല്ലാ ജാതിമതസ്ഥർക്കുമായി തുറന്നുകൊടുത്തെങ്കിലും ഉന്നതജാതിക്കാരുടെ പ്രതിഷേധം മൂലം അത് പൂർണ്ണമായി നടപ്പിലാക്കിയില്ല. രാജകീയ വിളംബരം ഉണ്ടായി പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ദലിതർക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിഞ്ഞിരുന്നില്ല. ദലിതർക്ക് സ്വന്തമായി ഭൂമി ലഭിച്ചാൽ മാത്രമേ അടിമത്തത്തിൽ നിന്ന് അവർക്ക് മോചിതരാകാൻ കഴിയൂ എന്ന് അദ്ദേഹം മനസ്സിലാക്കി. ഇതിനായി അദ്ദേഹം നെയ്യൂരിലെ മിഷണറിയായ എ.എച്ച്.ഹാക്കറുമായി നിരന്തരം ബന്ധപ്പെട്ട് പുതുവൽ ഭൂമി ഭൂരഹിതരായ ദലിതർക്ക് പതിച്ചു കൊടുക്കണമെന്ന് ഹാക്കർ സർക്കാരിനോട് അദ്ദേഹം ആവശ്യപ്പെട്ടു. ഇതിന്റെ ഫലമായി നിരവധി ഭൂമികൾ ഭൂരഹിതരായ ദലിതർക്ക് ലഭിക്കുകയും ദലിതർക്ക് ഇത് വമ്പിച്ച ഒരു വിജയവും ആയി മാറി.

മോശയുടെ ഗീതങ്ങൾ ഒട്ടുമിക്കവയും മതപരമായിരുന്നുവെങ്കിലും ക്രിസ്തീയ വിശ്വാസത്തിലൂടെ ദലിതരുടെ മോചനം സാധ്യമാക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം.

## III. ഖ. പിൽക്കാല ദലിത്പക്ഷനായകന്മാർ

### ഖ.ക. ഡോ.പി.പൽപ്പു (1863 – 1950)

ജാതിവ്യവസ്ഥയ്ക്കെതിരെയും നീതിപൂർവ്വമായ സാമൂഹിക വ്യവസ്ഥയ്ക്കും വേണ്ടി ശക്തമായി പോരാടിയ വ്യക്തിയാണ് ഡോ.പി.പൽപ്പു. 1883-ൽ മെട്രിക്കുലേഷൻ പാസ്സായ അദ്ദേഹം തിരുവിതാംകൂറിൽ എൻട്രൻസ് പ്രവേശനം ലഭിച്ചുവെങ്കിലും ഈഴവൻ എന്ന പേരിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. പുറത്തുനിന്നുള്ള ബ്രാഹ്മണരെ നിയമിച്ചുകൊണ്ട് ഇവിടെ വിദ്യാഭ്യാസം നേടിയ തദ്ദേശീയരെ തഴയുന്ന തിരുവിതാംകൂർ സർക്കാരിന്റെ നയതന്ത്രത്തിനെതിരായിരുന്നു അദ്ദേഹത്തിന്റെ ആദ്യകലാപം. ജോലിയിലും വിദ്യാഭ്യാസത്തിലും മലയാളികൾക്ക് സംവരണം വേണമെന്ന് ആവശ്യപ്പെട്ടു നടത്തിയ ആദ്യ ഇടപെടൽ ആയിരുന്നു മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും. ഈഴവർക്ക് നേരെയുള്ള അതിക്രമം അവസാനിപ്പി



Scanned with OKEN Scanner

ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1896 സെപ്റ്റംബറിൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാളിന് പൽപ്പു ഒരു ഭീമൻ ഹർജി സമർപ്പിച്ചു. 13000-ത്തിലധികം ഈഴവർ ഒപ്പിട്ട ഈ ഹർജിയാണ് ഈഴവ മെമ്മോറിയൽ. ഈ നിവേദനം സ്കൂളുകളിലും കോളേജുകളിലും സർക്കാർ ഓഫീസുകളിലും ഈഴവരെ പ്രവേശിപ്പിക്കണമെന്നുള്ള നിർദ്ദേശമായിരുന്നു. തിരുവിതാംകൂറിലെ ഈഴവരുടെ അവസ്ഥ മദ്രാസ് നിയമസഭയിൽ വെച്ച് ബ്രിട്ടീഷ് ഭരണാധികാരികളുടെ ശ്രദ്ധയിൽ പൽപ്പു കൊണ്ടുവന്നു. ബ്രിട്ടീഷ് പാർലമെന്റിലും അദ്ദേഹം ഈ വിഷയം ഉന്നയിച്ചു. പൽപ്പു തന്റെ സ്വന്തം ചെലവിൽ ജി.പി പിള്ളയെ ബ്രിട്ടണിലേക്ക് അയയ്ക്കുകയും ഈഴവരുടെ പരാതികൾ ബോധിപ്പിക്കാൻ ശ്രമം നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി 1897 ജൂലൈ 19-ന് ഹെർബർട്ട് റോബർട്ട്സ് തിരുവിതാംകൂറിലെ ഈഴവരുടെ പ്രശ്നം ബ്രിട്ടീഷ് പാർലമെന്റിൽ അവതരിപ്പിച്ചു. അന്നത്തെ സ്റ്റേറ്റ് സെക്രട്ടറി ആയിരുന്ന ജോർജ്ജ് ഹാമിൽട്ടൻ പ്രഭു, ബ്രിട്ടീഷ് സർക്കാർ പ്രദേശിക കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്ന് സർക്കാരിനെ ബോധിപ്പിച്ചു. ഡോ.പൽപ്പുവിന്റെ സമരം തുടർന്നു കൊണ്ടേയിരുന്നു. അത് ഈഴവരെ കൂടുതൽ പ്രബുദ്ധരാക്കി. തന്റെ ശ്രമങ്ങളുടെ പരാജയങ്ങളുടെ ഫലമായി ഈഴവ അസോസിയേഷനെ പുനഃരുജ്ജീവിപ്പിക്കുവാൻ പൽപ്പു നിർബന്ധിതനായി. ഇതിന്റെ പരിണതി എന്നോണമാണ് 1903-ൽ എസ്.എൻ.ഡി.പി യോഗം രൂപം കൊണ്ടത്.

സാധുജന പരിപാലന സംഘം (1905), യോഗക്ഷേമ സഭ (1909), വാലസമുദായ പരിഷ്ക്കരണി സഭ (1910), എൻ.എസ്.എസ് (1914) എന്നിവയുടെ പ്രവർത്തനത്തിന് പൽപ്പുവിന്റെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

1920-കളിൽ പൽപ്പുവിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളാണ് ക്ഷേത്ര പ്രവേശന വിളംബരത്തിലേക്ക് നയിച്ചത്. തൊട്ടുകൂടായ്മ, ജാതീയത എന്നിവയ്ക്കെതിരെ പോരാടുന്നതിലും ഇത്തരം പ്രസ്ഥാനങ്ങൾ മുഖ്യപങ്കുവഹിച്ചു.

എസ്.എൻ.ഡി.പി യോഗത്തിന്റെയും മറ്റുപല പ്രസ്ഥാനങ്ങളുടെയും ഫലമായി സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ കീഴാളർക്ക് ഒരളവുവരെ തുല്യത നേടാനായി. രാജ്യവ്യവസ്ഥയ്ക്കും ജന്മിത്വത്തിനും എതിരെ പോരാടി എന്നതാണ് എസ്.എൻ.ഡി.പി യോഗത്തിന്റെ മുഖ്യ പ്രസക്തി.



Scanned with OKEN Scanner

## ഖ.ഖ. കുമാരനാശാൻ (1873 - 1924)

ശ്രീനാരായണ ഗുരുവിന്റെ നിർദ്ദേശപ്രകാരം 1903 ജനുവരി ഒന്നിന് ഈഴവ നേതാക്കളുടെ ഒരു യോഗം അദ്ദേഹം വിളിച്ചു കൂട്ടി. കേരളത്തിലെ മൊത്തം ഈഴവരെയും സംഘടിപ്പിച്ചു കൊണ്ട് ഒരു സംഘടന രൂപീകരിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഫലമായിട്ടാണ് എസ്.എൻ.ഡി.പി യോഗം രൂപീകരിക്കപ്പെട്ടത്. ഗുരുവിന്റെ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി രൂപീകരിക്കപ്പെട്ട ഈ സംഘടനയുടെ ആദ്യപ്രസിഡന്റ് ശ്രീനാരായണ ഗുരുവും സെക്രട്ടറി കുമാരനാശാനും ആയിരുന്നു.

'വിവേകോദയം' എന്ന മാസികയുടെ പത്രാധിപർ എന്ന നിലയിൽ അധഃസ്ഥിത വിഭാഗം അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ ജനങ്ങളുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞു. കയർ, കൊപ്ര, നെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിൽ ഈഴവർ വഹിക്കുന്ന പങ്കിനെ ആശാൻ ഉയർത്തിക്കാട്ടി.

ആശാന്റെ മുഖ്യപ്രതിഭ സാഹിത്യത്തിലായിരുന്നു. കുമാരനാശാന് മുമ്പുള്ള കവികൾ മുഖ്യമായും സവർണ വിഭാഗത്തിൽ പെട്ടവരായിരുന്നു. ജീർണ്ണിച്ച ജന്മിത്വ വ്യവസ്ഥയുടെ ബാക്കിപത്രങ്ങളായിരുന്ന വെൺമണി, മണിപ്രവാള കവിതകളിൽ നിന്ന് പൂർണമായി വ്യതിചലിച്ചു കൊണ്ടാണ് ആശാൻ പുതിയൊരു കാവ്യസംസ്ക്കാരത്തിന് രൂപം നൽകിയത്.

1908-ൽ അദ്ദേഹം എഴുതിയ 'ഒരു തീയക്കുട്ടിയുടെ വിചാരം' എന്ന കവിത ഈഴവരുടെ ദുരവസ്ഥ വരച്ചുകാട്ടുന്നു. സാമൂഹിക പരിവർത്തനം ലക്ഷ്യം വെച്ചാണ് 'ദുരവസ്ഥ' യും 'ചണ്ഡാലഭിക്ഷുകി' യും അദ്ദേഹം രചിച്ചത്. പൂർണ്ണമായും മലയാള കാവ്യത്തിൽ എഴുതിയതും കേരളത്തിലെ സാമൂഹിക ജീവിതത്തിലെ ക്രൂരമായ അനീതികൾ തുറന്നുകാട്ടുകയും ചെയ്ത ആദ്യകാവ്യമാണ് ദുരവസ്ഥ (1922).

ദേശീയ ദുരന്തം, ബുദ്ധിയുടെയും മാനുഷിക മൂല്യങ്ങളുടെയും നശീകരണം, സ്വതന്ത്ര്യബോധത്തിന്റെ അഭാവം എന്നീ വിഷയങ്ങളും ആശാന്റെ കൃതികളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.



Scanned with OKEN Scanner

## ഖ.ഗ. പണ്ഡിറ്റ് കെ.പി.കറുപ്പൻ (1885 – 1938)

സ്വന്തം സമുദായമായ മുക്കുവ വിഭാഗത്തിന്റെ ഉന്നമനത്തിനായാണ് കറുപ്പൻ മുഖ്യമായും പ്രവർത്തിച്ചത്. അവരുടെ വിദ്യാഭ്യാസത്തിനും മറ്റും വേണ്ടി അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. 'വാല സമുദായ പരിഷ്ക്കരണി സഭ' എന്ന സംഘടന 1910-ൽ തേവരയിലും 'കല്യാണിദായനി സഭ' 1912-ൽ ആനാപ്പുഴയിലും അദ്ദേഹം സ്ഥാപിച്ചു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലെ ധീവരരുടെ 1919-ൽ നടന്ന സമ്മേളനം 'സമസ്തകേരള അരയ മഹാജനയോഗം' എന്ന സംഘടനയ്ക്ക് ജന്മം നൽകി.

സാമൂഹിക തിന്മകൾക്കെതിരെ ശക്തമായി പ്രതികരിച്ച സാഹിത്യകൃതികൾ തന്നെയാണ് കെ.പി.കറുപ്പന്റെ മുഖ്യസംഭാവന. ജാതിവ്യവസ്ഥയും അതോടനുബന്ധിച്ച തിന്മകളും ഇല്ലാത്ത ഒരു പുതിയ സമൂഹത്തിന്റെ ഉദയത്തെ അദ്ദേഹം വിഭാവന ചെയ്തു.

സ്വന്തം സമുദായത്തിന്റെയും മറ്റു കീഴാള ജാതികളുടെയും ശോചനീയാവസ്ഥ കറുപ്പനെ കലാപകാരിയായ ഒരു നേതാവാക്കി തീർത്തു. 'വാലസമുദായ പരിഷ്ക്കരണി സഭ'യ്ക്ക് മുക്കുവ സമുദായത്തിന്റെ അടിസ്ഥാന അവകാശങ്ങൾക്കായി പോരാടാൻ കഴിഞ്ഞു. 1912-ൽ പ്രസിദ്ധീകരിച്ച 'ജാതിക്കുമ്മി' എന്ന കവിതയിൽ ജാതിവ്യവസ്ഥയുടെ യുക്തിരാഹിത്യത്തെ ആക്ഷേപഹാസ്യത്തിലൂടെ അദ്ദേഹം വിമർശിച്ചു. തന്റെ സമുദായം അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അറുതി വരുത്താനായി നിയമനിർമ്മാണം നടത്തേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. സാമൂഹിക മാറ്റത്തിനായുള്ള അദ്ദേഹത്തിന്റെ ഉത്ഘടമായ വാഞ്ച 'ഉദ്യാനവിരുന്ന്' അഥവാ 'ഒരു ധീവരന്റെ ആവലാതി' എന്ന കവിതയിൽ പ്രതിഫലിക്കുന്നുണ്ട്.

സാമൂഹിക ക്രമത്തിൽ വാല സമുദായം ഈഴവർക്ക് തുല്യമായിരുന്നുവെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനമുൾപ്പടെ നിരവധി കാര്യങ്ങളിൽ ഈഴവർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വാലസമുദായത്തിന് നിഷേധിക്കപ്പെട്ടിരുന്നു. 'ബാലാകലേശം' എന്ന കറുപ്പന്റെ മലയാള നാടകത്തിലെ കേന്ദ്രപ്രമേയം ഇതാണ്.

തന്റെ സമുദായത്തിന്റെ ഉന്നമനം മാത്രമായിരുന്നില്ല അദ്ദേഹം ലക്ഷ്യം വച്ചിരുന്നത്. പുലയസമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടിയും അദ്ദേഹം പോരാടി. പുലയ സമുദായത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനു വേണ്ടി 1909 ഏപ്രിലിൽ



Scanned with OKEN Scanner

കറുപ്പൻ 'കൊച്ചിൻ പുലയ മഹാസഭ' രൂപീകരിച്ചു.

തിരുവിതാംകൂറിലെ അരയ സമുദായത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടു. 1921-ൽ പുറമ്പോക്ക് ഭൂമി സൗജന്യനിരക്കിൽ മുക്കുവ സമുദായത്തിലെ അംഗങ്ങൾക്ക് നൽകാൻ തീരുമാനമായി. താഴ്ന്ന ജാതിക്കാരുടെ പ്രശ്നങ്ങളോട് സഹാനുഭൂതി നിറഞ്ഞ ഇടപെടലാണ് തിരുവിതാംകൂർ ഭരണാധികാരികൾ സ്വീകരിച്ചത്. അരയസമുദായത്തിൽ പെട്ട കെ.വേലായുധപണിക്കരെ 1916-ൽ ശ്രീമൂലം നിയമസഭയിലേക്ക് നിർദ്ദേശം ചെയ്തു.

കൊച്ചിയിലെ അരയന്മാർക്കിടയിലെ പത്രപ്രവർത്തകരിൽ മുൻഗാമിയായ കെ.പി.കറുപ്പൻ 1922-ൽ തിരുവനന്തപുരത്ത് നിന്ന് 'സാധുബോധിനി' എന്ന മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചു. വേലുക്കുട്ടി അരയന്റെ പത്രാധിപത്യത്തിൽ 'അരയൻ' എന്ന പേരിൽ ഒരു ദിനപത്രം 1917-ൽ കരുനാഗപ്പള്ളിയിൽ നിന്നും ആരംഭിച്ചു. ആണ്ടി അരയന്റെയും മത്താശ്ശേരിൽ ശങ്കരൻ അരയന്റെയും മേൽനോട്ടത്തിൽ 'വ്യാസൻ' എന്നൊരു മാസിക 1922-ൽ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരണം തുടങ്ങി. കെ.കുഞ്ഞുപിള്ള അരയനും പി.കെ.വേലുക്കുട്ടി അരയനും ചേർന്ന് 'സുഖാസിനി' എന്ന മാസിക കരുനാഗപ്പള്ളിയിൽ നിന്നും 1923-ൽ പുറത്തിറക്കി.

ഒരു സാമൂഹിക പരിഷ്ക്കർത്താവെന്ന നിലയിൽ അരയസമുദായത്തിലെ ഉപവിഭാഗങ്ങൾക്കിടയിൽ പന്തിഭോജനത്തെയും മിശ്രവിവാഹത്തെയും കറുപ്പൻ പ്രോത്സാഹിപ്പിച്ചു. തന്റെ ബൗദ്ധികവും സാഹിത്യപരവുമായ കഴിവുകളാണ് സാഹിത്യമാറ്റത്തിനായി കറുപ്പൻ ഉപയോഗിച്ചത്. സാമുഹിക അടിച്ചമർത്തൽ മതവിശ്വാസത്തിന്റെ ഭാഗമായിരുന്ന കേരളീയ സമൂഹത്തെ, ജാതീയത ഒരു സാമൂഹിക പാപമാണെന്നും രാഷ്ട്രീയ ക്രൂരതയാണെന്നും പണ്ഡിറ്റ് കറുപ്പൻ പഠിപ്പിച്ചു.

**ഖ.ഘ. ചട്ടമ്പിസ്വാമികൾ (1853 - 1924)**

ജാതിവ്യവസ്ഥയോടുള്ള തന്റെ എതിർപ്പ് അദ്ദേഹം പരസ്യമായി പ്രകടിപ്പിച്ചു. ഈഴവരുടെ വീട്ടിൽ നിന്ന് ഒരു നായർ ഭക്ഷണം കഴിക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കപ്പെട്ടിരുന്ന കാലത്ത് കുഞ്ഞൻപിള്ള ആ നിയമം ലംഘിക്കുകയും, പിൽക്കാലത്ത് പ്രസിദ്ധ സാമൂഹിക പരിഷ്ക്കർത്താവായി മാറിയ ഡോ.പൽപ്പുവിന്റെ ജ്യേഷ്ഠസഹോദരന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുകയും ചെയ്തു.

വേദവിജ്ഞാനത്തിന് ശൂദ്രൻമാർക്ക് അവകാശമുണ്ടെന്ന് സ്ഥാപിച്ചതിനു



Scanned with OKEN Scanner

ശേഷം അതുനേടുന്ന ശൂദ്രന്മാർക്ക് ക്ഷേത്രങ്ങളും വിഗ്രഹങ്ങളും സ്ഥാപിക്കാൻ അവകാശമുണ്ടെന്ന് സ്വാമികൾ വാദിച്ചു. ഹിന്ദുമതത്തെ ജനാധിപത്യവത്ക്കരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇത് പ്രയോഗത്തിൽ വരുത്തുന്നതിന്റെ ഭാഗമായി വേദാന്തചിന്തയെ വിശദീകരിക്കുന്ന 'അദ്വൈതചിന്താപദ്ധതി' എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചു. ഹിന്ദുമതം അബ്രാഹ്മണരിൽ എത്തിക്കുന്നതിനായി അദ്ദേഹം നീലകണ്ഠതീർത്ഥപാദൻ എന്ന ശിഷ്യനെക്കൊണ്ട് 'ദേവാർച്ചനപദ്ധതി' 'ആചാരപദ്ധതി' എന്നീ അനുഷ്ഠാന ഗ്രന്ഥങ്ങളും തീർത്ഥപാദൻ എന്ന ശിഷ്യനെക്കൊണ്ട് 'ലേഖനമാലിക' എന്ന ഗ്രന്ഥവും എഴുതിപ്പിച്ചു. പൂജാദികർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ബ്രാഹ്മണന്റെ കുത്തക തകർക്കുന്നതിനുവേണ്ടി 'ശ്രീചക്രപൂജാകൽപ്പം' എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചു.

ക്രിസ്തുമതത്തെക്കുറിച്ച് അദ്ദേഹം രചിച്ചിട്ടുള്ള പ്രശസ്തകൃതികളാണ് 'ക്രിസ്തുമതചേതനം', 'ക്രിസ്തുമത നിരൂപണം' എന്നിവ. ക്രിസ്തുമത പരിവർത്തനത്തിന്റെ അർത്ഥശൂന്യത വെളിവാക്കുന്നതാണ് ആദ്യത്തെ കൃതി. ക്രിസ്തുമതത്തിന്റെ അന്തഃസത്തയെ സംബന്ധിച്ചതാണ് രണ്ടാമത്തേത്.

### ഖ.ങ. ശ്രീനാരായണഗുരു (1856 - 1928)

തെക്കൻ തിരുവിതാംകൂറിൽ വൈകുണ്ഠസ്വാമികളുടെ ശിഷ്യരായ ശൈവ സന്യാസിമാരുമായി ശ്രീനാരായണ ഗുരു സമ്പർക്കം പുലർത്തുകയും തന്റേതായ പ്രവർത്തനങ്ങളിലൂടെ കേരള ചരിത്രത്തിൽ പുതിയൊരു അദ്ധ്യായത്തിന് നാന്ദി കുറിക്കുകയും ചെയ്തു. അദ്ദേഹം നെയ്യാറ്റിൻകരയ്ക്ക് സമീപമുള്ള അരുവിപ്പുറത്ത് എത്തപ്പെടുകയും അവിടെ വെച്ച് ഗാഢമായ ധ്യാനത്തിൽ മുഴുകിയ ഗുരുവിന് മുന്നിൽ പരമമായ സത്യം വെളിപ്പെടുകയും ചെയ്തു. കേരളത്തിലെ സാമൂഹിക മതവ്യവസ്ഥയെ വിപ്ലവവത്ക്കരിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇക്കാലത്തിനിടയിൽ ഈഴവരുടെ ഗുരു എന്ന നിലയിൽ അദ്ദേഹം പ്രശസ്തിയാർജ്ജിച്ചു.

വേദങ്ങളിലും ആത്മീയ-ലൗകിക വിഷയങ്ങളിലും അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന ശ്രീനാരായണ ഗുരു സ്വന്തമായി വികസിപ്പിച്ചെടുത്ത 'പ്രായോഗിക അദ്വൈതം' ദലിതരുടെ ജീവിതാവസ്ഥയെ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയതാണ്. 'മോചനത്തിന്റെ ദൈവശാസ്ത്രം' എന്ന സങ്കല്പമാണ് ശ്രീനാരായണഗുരു മുന്നോട്ടുവെച്ച ഏറ്റവും മഹത്തായ സിദ്ധാന്തം. 'ഒരുജാതി



Scanned with OKEN Scanner

ഒരുമതം ഒരു ദൈവം മനുഷ്യന്' എന്നതായിരുന്നു അദ്ദേഹം മുന്നോട്ടുവെച്ച ആശയം. സാമൂഹിക വിലക്കുകൾ ഒരാളെ സ്വതന്ത്രനായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ കർമ്മത്തിലൂടെ അയാൾ അതിനെതിരായി പോരാടണം. സംഘടിച്ചു ശക്തരാകുകയും വിദ്യാഭ്യാസത്തിലൂടെ മോചനം നേടുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സൂത്രവാക്യം. വിദ്യാഭ്യാസം ബ്രാഹ്മണർക്ക് മാത്രം അവകാശപ്പെട്ടതായിരുന്ന അക്കാലത്ത് വേദങ്ങളിലും വേദാന്തങ്ങളിലും പ്രാവീണ്യം നേടുന്നതിന് ജാതി തടസ്സമല്ല എന്നദ്ദേഹം സ്വന്തം പ്രവർത്തനങ്ങൾ കൊണ്ട് തെളിയിച്ചു.

വർക്കലയിൽ സവർണ്ണരുടെ ദേവതയായ സരസ്വതിയെ പ്രതിഷ്ഠിച്ചതിലൂടെ വിദ്യാഭ്യാസം ദലിതർക്കും അവകാശപ്പെട്ടതാണെന്ന സന്ദേശമാണ് ഗുരു നൽകിയത്. ചേർത്തലയിൽ കുളവൻകോടത്ത് 'ഓംശാന്തി' എന്ന് ആലേഖനം ചെയ്ത ഒരു കണ്ണാടിയും അദ്ദേഹം പ്രതിഷ്ഠിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായിട്ടാണ് വൈക്കം സത്യാഗ്രഹം ആരംഭിച്ചത്. എല്ലാ ജാതിക്കാരായ ഹിന്ദുക്കൾക്കും ക്ഷേത്രത്തിൽ പ്രവേശനം അനുവദിക്കുന്നതിന് വേണ്ടിയായിരുന്നു ഇത്. ഇതിലൂടെ മറ്റു ചില ഫലങ്ങളും ഉണ്ടായി. 'ഐക്യകേരളം' എന്ന സങ്കൽപ്പം ഇതിൽ നിന്ന് ഉണ്ടായതാണ്.

ഗുരു 52 കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. ഇവയിൽ 1914-ൽ രചിച്ച 'ജാതിനിർണ്ണയം' എന്ന കൃതി ജാതിവ്യവസ്ഥയുടെ സാധ്യത ചോദ്യം ചെയ്യുന്നതായിരുന്നു. മറ്റൊരു കാവ്യമായ 'ജാതിലക്ഷണ' ത്തിൽ ജാതിയുടെ ലക്ഷണങ്ങൾ ഗുരു വിശദീകരിച്ചിട്ടുണ്ട്.

പരമ്പരാഗത ആചാരങ്ങൾ, ജാതി, മദ്യപാനം. എന്നിവയ്ക്കെതിരായ പോരാട്ടങ്ങളും ഗുരുവിന്റെ പ്രധാന പ്രവർത്തന മേഖലകളായിരുന്നു. ഡോക്ടർ പൽപ്പുവും കുമാരനാശാനും ഗുരുവിന്റെ സഹായികളായി രംഗത്തു വന്നതോടെ 1903-ൽ എസ്.എൻ.ഡി.പി യോഗം സ്ഥാപിക്കപ്പെട്ടു. ശ്രീനാരായണ ഗുരുവായിരുന്നു ആദ്യ പ്രസിഡന്റ്. എസ്.എൻ.ഡി.പി യോഗം കീഴാളരുടെ പ്രസ്ഥാനത്തെ മുൻനിരയിൽ നിന്ന് നയിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

## ഖ.ച. ബ്രഹ്മാനന്ദ സ്വാമി ശിവയോഗി (1852 – 1929)

കേരളത്തിന്റെ തെക്ക് ശ്രീനാരായണ ഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും നേതൃത്വത്തിൽ പുതിയൊരു ബൗദ്ധികവിപ്ലവം നടന്നിരുന്ന കാലഘട്ടമാ



Scanned with OKEN Scanner

യിരുന്നു അത്. സാമ്രാജ്യത്വ വിരുദ്ധത, ജന്മിവിരുദ്ധപ്രസ്ഥാനങ്ങൾ ഉയിർകൊണ്ട ആ കാലഘട്ടത്തിൽ ശിവയോഗിയുടെ സംഭാവനകൾ കേരളത്തിന്റെ സാമൂഹിക ചരിത്രം തന്നെ മാറ്റിയെഴുതും വിധം പ്രസക്തമായിരുന്നു.

1898-ൽ ബ്രഹ്മസമാജത്തിന്റെ ഒരു യൂണിറ്റ് ഡോ.അയ്യത്തൻ ഗോപാലൻ കോഴിക്കോട്ട് സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അവരുടെ അഭ്യർത്ഥനപ്രകാരം നിത്യാരാധനയ്ക്ക് ആലാപനം ചെയ്യാൻ വേണ്ടി 'ബ്രഹ്മസങ്കീർത്തനം' എന്ന കൃതി അദ്ദേഹം രചിക്കുകയുണ്ടായി. 'സ്ത്രീവിദ്യാപോഷിണി' (1899), 'മോഷപ്രദീപം' (1905), 'വിഗ്രഹാരാധന ഖണ്ഡനം' (1916) എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു പ്രമുഖ മലയാള കൃതികൾ.

അദ്ദേഹത്തിന്റെ 'മോക്ഷമാർഗ്ഗം' എന്ന കൃതിയിൽ ജാതി, വർണ്ണം, വർഗ്ഗം, സമുദായം എന്നിവയെപ്പറ്റിയല്ല മുഖ്യപരാമർശം. ബ്രഹ്മാനന്ദസ്വാമി ജാതിയുടെയോ വംശത്തിന്റെയോ വക്താവായിരുന്നില്ല. ബ്രാഹ്മണർ വ്യാഖ്യാനിച്ചതിൽ നിന്നും വ്യത്യസ്തമായി ഹൈന്ദവ തത്ത്വശാസ്ത്രത്തിലെ സത്യം കണ്ടെത്താനാണ് അദ്ദേഹം ശ്രമിച്ചത്.

ഇന്ത്യക്കാർക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിന് ഉത്തരവാദികൾ ഇന്ത്യക്കാർ തന്നെയാണെന്ന് അദ്ദേഹം പറഞ്ഞു. ബൗദ്ധിക തലങ്ങളിൽ ഇന്ത്യക്കാർക്ക് അപചയം സംഭവിച്ചു കൊണ്ടാണ് ആധിപത്യം നിലവിൽ വന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. മതപരവും ആചാരപരവുമായ എല്ലാ വിശ്വാസങ്ങളെയും അദ്ദേഹം ഇത്തരത്തിൽ അപഹാസ്യമായി ചിത്രീകരിച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു മതം മാത്രമേ ഉണ്ടായിരുന്നുള്ളു. മാനവിക മതം.

## III. ഗ. ദലിത് മുന്നേറ്റത്തിന്റെ അമരക്കാർ

### ഗ.ക. അയ്യങ്കാളി (1863 - 1941)

1891-ലെ മലയാളി മെമ്മോറിയൽ കേരള ചരിത്രത്തിലെ ഒരു നാഴിക കല്ലാണ്. ഉന്നത ജാതിക്കാർ തുടങ്ങിവച്ച ഇത്തരം പ്രസ്ഥാനങ്ങൾ കീഴ് ജാതിക്കാർക്ക് പ്രചോദനം പകർന്നു. ഈ സാഹചര്യത്തിലാണ് അയ്യങ്കാളിയുടെ നേതൃത്വത്തിൽ പുലയ സമുദായത്തിനായി ഒരു സംഘടന ഉയർന്നുവന്നത്. 1855-ൽ അടമത്തം നിർത്തലാക്കിയ നിയമവും 1867-ലെ ഭൂനിയമവും, തുടർന്നുണ്ടായ മറ്റു ചില നിയമനിർമ്മാണങ്ങളും അധഃസ്ഥിത വിഭാഗങ്ങളുടെ നിയമപരമായ പോരാട്ടത്തിന് വേദി



Scanned with OKEN Scanner

യൊരുക്കി. ജാതീയ മുൻവിധികൾ കീഴാളന് എന്നും എതിരായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിൽ പുലയന്മാർ അടിമകളായിരുന്നു. ആദിദ്രാവിഡ ഗോത്രം എന്ന നിലയിൽ പുലയസമുദായത്തിന്റെ സാമൂഹികസ്ഥാനം അടിമയ്ക്കും അടിയാളനും ഇടയ്ക്ക് ഉടക്കി നിന്നു.

പ്രാദേശിക -സാമൂഹിക-സാമ്പത്തിക നിലകളിൽ പുലയസമുദായം അനുഭവിക്കുന്ന അടിമത്തത്തെപ്പറ്റി അയ്യങ്കാളി ബോധവാനായി. 9-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഇന്ത്യയെമ്പാടും അലയടിച്ച സ്വാതന്ത്ര്യമോഹവും അയ്യങ്കാളിയെ മുന്നോട്ടു നയിച്ചു. പുലയസമുദായത്തിന്റെയും അതുപോലുള്ള മറ്റു പിന്നോക്ക വിഭാഗങ്ങളുടെയും നേതൃത്വനിരയിലേക്ക് അയ്യങ്കാളിയെ ഉയർത്തിക്കൊണ്ടുവന്നതും ഇതുതന്നെയാണ്.

ഏറ്റവും താഴെക്കിടയിലുള്ള അവർണ്ണരുടെ അവകാശങ്ങൾ നേടിയെടുക്കുക എന്നതായിരുന്നു അയ്യങ്കാളിയുടെ ലക്ഷ്യം. പുലയസമുദായത്തിന് സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി അയ്യങ്കാളി പോരാടി. എല്ലാ ജാതിവിഭാഗങ്ങൾക്കും പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വിദ്യാഭ്യാസത്തിന് ആഹ്വാനം ചെയ്യുക മാത്രമല്ല, പുലയ സമുദായത്തിലെ കുട്ടികളെ നേരിട്ട് സ്കൂളിൽ കൊണ്ടുപോവുകയും അവർക്ക് പ്രവേശനം നൽകുകയും വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

എസ്.എൻ.ഡി.പി പോലെയുള്ള സംഘടനകളുടെ പ്രചോദനം ഉൾക്കൊണ്ട് അയ്യങ്കാളി 'സാധുജന പരിപാലനയോഗം' (എസ്.ജെ.പി.എസ്) എന്നൊരു സംഘടനയ്ക്ക് രൂപം നൽകി(1907). ഇതോടൊപ്പം 'സാധുജന പരിപാലന യോഗിനി' എന്നൊരു മാസികയും തുടങ്ങി. പുലയർക്ക് സ്കൂളുകളിൽ പ്രവേശനം നിഷേധിക്കപ്പെട്ടതിനെതിരെ ആയിരുന്നു ഈ സംഘടന മുഖ്യമായും പ്രവർത്തിച്ചത്.

ആഴ്ചയിൽ 6 ദിവസം മാത്രമേ പണിയെടുക്കൂ എന്ന തങ്ങളുടെ ആവശ്യം സർക്കാരിൽ നിന്ന് നേടിയെടുക്കാൻ അയ്യങ്കാളിക്കു കഴിഞ്ഞു. ഞായറാഴ്ച അവധി ദിവസമായിരിക്കുമെന്ന് സംഘം പ്രഖ്യാപിച്ചു. ഇതോടൊപ്പം തന്നെ വേഷവിധാനം ഉൾപ്പടെയുള്ള ജാതീയ നിയന്ത്രണങ്ങൾക്കെതിരെയും പോരാട്ടം ആരംഭിച്ചു. വിവിധ രംഗങ്ങളിൽ നടന്ന കലാപങ്ങളിൽ ഏറെ ശ്രദ്ധ ആകർഷിച്ചത് 'കല്ലുമാല' കലാപമാണ്. ജാതീയ അധഃസ്ഥിതത്വത്തിന്റെ പ്രതീകമായി പുലയ സ്ത്രീകൾ കല്ലുമാല ധരിക്കണമെന്ന് നിർബന്ധമായിരുന്നു. എന്നാൽ കല്ലുമാലകൾ ഉപേക്ഷിക്കാൻ തെക്കൻ തിരുവിതാംകൂറിലെ പുലയസ്ത്രീകളോട് അയ്യങ്കാളി ആഹ്വാനം ചെയ്തു.



Scanned with OKEN Scanner

ഇതേത്തുടർന്ന് ഉന്നതജാതീയരുടെ കടുത്ത എതിർപ്പിനെ അവഗണിച്ചുകൊണ്ട് നൂറുകണക്കിന് പുലയസ്ത്രീകൾ തങ്ങളുടെ കല്ലുമാലകൾ വലിച്ചെറിഞ്ഞു.

'സാമൂഹിക കോടതികൾ' സ്ഥാപിക്കാൻ കഴിഞ്ഞതാണ് എസ്.ജെ.പി.എസ് കൈവരിച്ച മറ്റൊരു മുഖ്യനേട്ടം. തന്റെ സമുദായത്തിലെ അംഗങ്ങൾക്കിടയിലെ കേസുകൾ വിചാരണ ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും സംഘത്തിന്റെ ആസ്ഥാനത്തു തന്നെ അയ്യങ്കാളി ഒരു കോടതി സ്ഥാപിച്ചു.

## ഗ.ഖ. പൊയ്കയിൽ യോഹന്നാൻ (1879 - 1939)

ക്രിസ്ത്യൻ മിഷണറിമാർ തൊട്ടുകൂടാത്തവർക്കു വേണ്ടി പ്രത്യേകം സ്കൂളുകൾ ആരംഭിച്ചു. തിരുവല്ലയിലെ തേവരക്കാടിൽ മിഷണറിമാർ 1883-ൽ കീഴാളർക്കായി ആരംഭിച്ച സ്കൂളിൽ കുമാരന് പ്രവേശനം ലഭിച്ചു.

യുവാവായ കുമാരൻ ജാതിചിഹ്നമായ കച്ചത്തോർത്തും തൊപ്പിപ്പാളയും ധരിച്ച് പാടത്ത് കഠിനമായി ജോലി ചെയ്തു. 'പാട്ടപ്പാള' യിലാണ് യജമാനൻ അദ്ദേഹത്തിന് ഭക്ഷണം നൽകിയിരുന്നത്. ഒരു ദിവസം കുമാരൻ പാട്ടപ്പാള പൊട്ടിക്കുകയുണ്ടായി. അടിമത്ത വ്യവസ്ഥയ്ക്കെതിരായ കുമാരന്റെ ആദ്യത്തെ പ്രതിഷേധമായിരുന്നു അത്.

ഭൗതിക നേട്ടങ്ങൾക്കുവേണ്ടി ചിലർ ക്രിസ്തുമതത്തിൽ ചേർന്നു. സവർണ്ണരുടെ പീഡനത്തിൽ നിന്ന് രക്ഷനേടാനാണ് മറ്റുചിലർ ക്രിസ്തുമതത്തിൽ ചേർന്നത്. കൂടാതെ യജമാനന്മാരുടെ മതം സ്വീകരിക്കാൻ അടിമകൾ നിർബന്ധിതരാകുകയും കുമാരൻ 'യോഹന്നാൻ' ആയി മാറുകയും ചെയ്തു.

പുതിയൊരു ദലിത് മതം രൂപീകരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിന്റെ പ്രവാചകനും ഉപദേശിയുമൊക്കെ അദ്ദേഹം തന്നെയായിരുന്നു. 'ആദിദ്രാവിഡ സിദ്ധാന്തം' എന്ന പേരിൽ അദ്ദേഹം ഒരു മതപ്രഭാഷണം നടത്തി. പ്രത്യക്ഷ രക്ഷാ ദൈവസഭ (പി.ആർ.ഡി.എസ്) എന്ന പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വമായി മാറിയതും ഈ സിദ്ധാന്തമാണ്.

വ്യത്യസ്തമായ സാമൂഹിക പദ്ധതിയിലൂടെ പുതിയൊരു സ്വത്വരൂപീകരണമാണ് യോഹന്നാൻ വിഭാവന ചെയ്തത്. ജാതിസ്വത്വത്തിന് സ്ഥാനമില്ലാത്ത അത്തരമൊരു പ്രസ്ഥാനത്തിന് പുതിയൊരു സഭാനാമത്തിന്റെ ആവശ്യമില്ലെന്ന് അദ്ദേഹം വാദിച്ചു. പഴയ ജാതീയ സ്വത്വങ്ങളെ തുടച്ചുമാറ്റിക്കൊണ്ട് വിശാലമായ പുതിയൊന്നിന് രൂപം നൽകുന്നതിന് ഈ നിലപാട് സഹായകരമായി. എല്ലാ ദലി



Scanned with OKEN Scanner

തരുടെയും ഐക്യത്തിൽ അധിഷ്ഠിതമായ പുതിയൊരു സ്വത്വത്തിന് അത് അടിത്തറ പാകി.

യോഹന്നാന്റെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന് നിരവധി ക്രിസ്ത്യാനികളെ നേടിക്കൊടുത്തു. സവർണ്ണ ഹിന്ദുക്കളിൽ നിന്നും ക്രിസ്ത്യാനികളിൽ നിന്നും വധഭീഷണി വരെ നേരിടേണ്ടി വന്നെങ്കിലും ആര്യദ്രാവിഡ-ദലിത് വിനോചന സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1909-ൽ പത്തനംതിട്ടയിലെ കുത്തൂരിൽ യോഹന്നാൻ ഒരു യോഗം സംഘടിപ്പിക്കുകയും അവിടെ വച്ച് 'രക്ഷനിർണ്ണയം' എന്ന വിഷയം അവതരിപ്പിക്കുകയും ചെയ്തു. അധഃസ്ഥിത വിഭാഗങ്ങളുടെ ആദ്യകാല ചരിത്രത്തെ സംബന്ധിച്ചും അവരുടെ നഷ്ടപ്പെട്ട പ്രതാപത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഇവിടെ വെച്ച് അദ്ദേഹം 'തൊത്തുയോഗം' 'ത്രിത്വയോഗം' എന്നിവയും സംഘടിപ്പിച്ചു. ഇതിൽ പങ്കെടുത്തവർ അദ്ദേഹത്തെ 'അപ്പച്ചൻ' എന്നാണ് വിളിച്ചത്.

'രക്ഷാനിർണ്ണയ'ത്തെ തങ്ങൾക്കനുകൂലമാക്കി വ്യാഖ്യാനിക്കാൻ സവർണ്ണ ക്രൈസ്തവരും ഹിന്ദുക്കളും ശ്രമിച്ചു. എന്നാൽ അവരുടെ തത്വങ്ങൾ അടിമകളുടെ വിമോചനത്തിൽ നിന്നും ഏറെ അകലെയായിരുന്നു.

ബ്രിട്ടീഷ് വിരുദ്ധത ആരോപിക്കപ്പെട്ട യോഹന്നാൻ 1910-ൽ ചങ്ങനാശ്ശേരിയിലെ സെക്കന്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടി മുൻപാകെ ഹാജരാക്കപ്പെട്ടു. വിചാരണവേളയിൽ യോഹന്നാന്റെ സംഘടനയുടെ പേര് എന്തെന്ന് മജിസ്ട്രേറ്റ് ചോദിച്ചു. 'പ്രത്യക്ഷ രക്ഷാ ദൈവ സഭ' എന്ന് ഉടൻ തന്നെ അദ്ദേഹം മറുപടി പറഞ്ഞു.

നിയമസഭാംഗമെന്ന നിലയിലും, ദലിതരുടെ ഐക്യത്തിനും അവരുടെ തനതായ സ്വബോധത്തിനും വേണ്ടിയാണ് യോഹന്നാൻ സമരം ചെയ്തത്. പി.ആർ.ഡി.എസിന്റെ പ്രവർത്തനങ്ങളുടെ മുഖ്യഫലം തൊട്ടുകൂടായ്മ എന്ന വിഷയത്തെ കൂടുതൽ ഗൗരവമായി പരിഗണിക്കാൻ കേരളസമൂഹത്തെ അത് നിർബന്ധിതമാക്കിയെന്നതാണ്. 1918-22-ലെ പൗരാവകാശ പ്രസ്ഥാനം, 1924-25-ലെ വൈക്കം സത്യാഗ്രഹം, നിസ്സഹകരണപ്രസ്ഥാനം, ക്ഷേത്രപ്രവേശന പ്രസ്ഥാനം തുടങ്ങിയ നിരവധി സവർണ്ണ വിരുദ്ധ സമരങ്ങൾക്ക് ആവേശം പകരാനും പി.ആർ.ഡി.എസിനു കഴിഞ്ഞു.



Scanned with OKEN Scanner

### ഗ.ഗ. കെ.പി.വള്ളോൻ (1900-1940)

1924-ൽ എറണാകുളത്ത് പുലയ മഹാസഭാ യോഗം ചേർന്നപ്പോഴാണ് വള്ളോൻ പ്രസ്ഥാനത്തിന്റെ മുൻനിരയിലേക്ക് കടന്നുവന്നത്. പുലയ സമുദായത്തോട് പൂർണ്ണമായും കൂറ് പുലർത്തുന്ന നേതാവ് എന്ന നിലയിലും കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം എന്ന നിലയിലും തന്റെ സമുദായത്തിന് വേണ്ടതെല്ലാം വള്ളോൻ ചെയ്തു. വള്ളോന്റെ പ്രയത്നത്തിന്റെ ഫലമായിട്ടാണ് 1938-ൽ എറണാകുളത്ത് ഹരിജൻ ഹോസ്റ്റൽ സ്ഥാപിക്കപ്പെട്ടത്. ദലിത് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ച ഒരു മുഖ്യകേന്ദ്രമായി തുടർന്നുള്ള വർഷങ്ങളിൽ ഇതു മാറുകയുണ്ടായി.

കൊച്ചിയുടെ പല ഭാഗങ്ങളിലായി ഹരിജൻ കോളനികൾ, മഠങ്ങൾ, ഗ്രന്ഥശാലകൾ എന്നിവ സ്ഥാപിച്ചതും അദ്ദേഹത്തിന്റെ മുഖ്യനേട്ടങ്ങളിൽ പെടുന്നു. മൊത്തം അധഃസ്ഥിത വിഭാഗങ്ങളുടെയും പ്രതിനിധി എന്ന നിലയിൽ വള്ളോന്റെ ജനപ്രീതി പുലയ സമുദായത്തിനുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. കൊച്ചി വേട്ടുവ മഹാസഭയും സാംബവ മഹാസഭയും രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയത് വള്ളോനാണ്. പൊതുശത്രുവായ സവർണ്ണർക്കെതിരെ കീഴാളൻ അണിചേരുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. പത്രപ്രവർത്തനരംഗത്തും വള്ളോൻ ഏറെ സംഭാവനകൾ നൽകിയിട്ടുണ്ട്. 'അധഃകൃതൻ' 'ഹരിജൻ' എന്നീ രണ്ട് ആനുകാലികങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ 'ഹരിജൻ' പുറത്തിറങ്ങിയിരുന്ന കാലത്ത് തന്നെയാണ് വള്ളോനും 'ഹരിജൻ' പ്രസിദ്ധീകരിച്ചിരുന്നതെന്നത് ശ്രദ്ധേയമാണ്.

### ഗ.ഘ. വാഗ്ഭടാനന്ദൻ (1887 - 1939)

കുട്ടിക്കാലം മുതൽക്കുതന്നെ പിതാവിന്റെ പുരോഗമനപരമായ ആശയങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ചു. തെയ്യം, തിറ തുടങ്ങിയ മതപരമായ അനുഷ്ഠാനങ്ങൾക്ക് എതിരായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. എന്നാൽ മുതിർന്നപ്പോൾ ബ്രഹ്മസമാജം, ആനന്ദസമാജം തുടങ്ങിയ പ്രസ്ഥാനങ്ങളാണ് അദ്ദേഹത്തിന്റെ ചിന്തകളെ രൂപപ്പെടുത്തിയത്.

ഹിന്ദുമതത്തിന്റെ ഭാഗമായ ബഹുദൈവ വിശ്വാസം, നിരർത്ഥകമായ അനുഷ്ഠാനങ്ങൾ, അനാചാരങ്ങൾ, ബലികൾ തുടങ്ങിയവയ്ക്കെതിരെ വാഗ്ഭടാനന്ദൻ തന്റെ പോരാട്ടം ആരംഭിച്ചു. കൊട്ടിയൂർ, കൊടുങ്ങല്ലൂർ, പളനി എന്നിവിടങ്ങളിലെ



Scanned with OKEN Scanner

ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചാണ് വാഗ്ഭടാനന്ദൻ തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇവിടെയൊക്കെ മതപരമായ പല തിന്മകളെയും ഇല്ലായ്മ ചെയ്യുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം 'സത്യം' സ്നേഹവും 'സ്നേഹം' ദൈവവുമാണ്. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി ബ്രഹ്മസമാജത്തെയും ശ്രീരാമകൃഷ്ണമിഷനെയും യോജിപ്പിച്ചുകൊണ്ട് 1920-ൽ 'ആത്മവിദ്യാസംഘം' എന്നൊരു പ്രസ്ഥാനം അദ്ദേഹം സ്ഥാപിച്ചു. 'ഏറ്റുമാറ്റ്' എന്ന ആചാരത്തിന് അറുതി വരുത്താൻ കഴിഞ്ഞുവെന്നതാണ് സംഘത്തിന്റെ ആദ്യകാല നേട്ടങ്ങളിലൊന്ന്. സംഘത്തിന്റെ സന്നദ്ധപ്രവർത്തകർ മുന്നിട്ടിറങ്ങിയതോടെയാണ് ശുദ്ധി-അശുദ്ധി എന്നിവയുമായി ബന്ധപ്പെട്ട അന്ധവിശ്വാസ ജടിലമായ ഈ ആചാരം ഇല്ലാതായത്.

സവർണ വിഭാഗങ്ങൾക്കു നേരെ കൊടുങ്കാറ്റു പോലെ ആഞ്ഞടിച്ച രണ്ടു സംഭവങ്ങളാണ് 1921-ൽ വർക്കലയിൽ വാഗ്ഭടാനന്ദൻ സംഘടിപ്പിച്ച മിശ്രവിവാഹവും അഴീകോടുള്ള പുലയ കോളനിയിൽ 1927-ൽ സംഘടിപ്പിച്ച പന്തിഭോജനവും. താലികെട്ട്, പുല, തീണ്ടൽ, തിരണ്ടുകല്ല്യാണം പോലെയുള്ള അനാചാരങ്ങൾക്കെതിരെയും സംഘം രംഗത്തുവന്നു. സംഘത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി 'ആത്മവിദ്യാകാഹളം' (1929), 'യജമാൻ' (1939) 'അഭിനവ കേരളം' (1921) തുടങ്ങിയ പത്രമാസികകളും പ്രസിദ്ധീകരിച്ചു. 'അഭിനവകേരളം' മതപരമായ വിഷയങ്ങൾ കൈകാര്യം ചെയ്തപ്പോൾ ബ്രിട്ടീഷ് ഭരണത്തിന്റെ ഭീകരതയും ദേശീയ പ്രസ്ഥാനത്തിന്റെ ആവശ്യകതയുമാണ് 'കാഹളം' ഉയർത്തിക്കാട്ടിയത്. ദേശീയ പ്രസ്ഥാനത്തിന്റെ സഹായകരമായ സാംസ്ക്കാരിക ബോധവൽക്കരണം നടത്തുന്നതിലും 'കാഹളം' മുഖ്യപങ്ക് വഹിച്ചു.

വാഗ്ഭടനാനന്ദന്റെ ആശയങ്ങളുടെ സ്വാധീനത്തിൽ എ.വി.കുഞ്ഞമ്പു പയ്യന്നൂരിലെ കരിവള്ളൂരിൽ 1935-ൽ 'അഭിനവഭാരത് യുവസംഘം' എന്ന സംഘടനയ്ക്ക് രൂപം നൽകി. തൊഴിലാളികളെയും കർഷകരെയും സംഘടിപ്പിച്ചു കൊണ്ട് 1930-കളിൽ ഇവർ ആരംഭിച്ച പ്രക്ഷോഭ പരിപാടികൾ പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായി മാറി.

### ഗ.ങ. സഹോദരൻ അയ്യപ്പൻ (1889 - 1968)

ജാതീയതയ്ക്കെതിരെ പ്രായോഗികമായി എന്തെങ്കിലും പ്രവർത്തിക്കണമെന്ന ത്വര അയ്യപ്പനിൽ വളർന്നു വന്നു. ചെറായിയിൽ നിന്ന് തിരുവനന്തപുരത്തേ



Scanned with OKEN Scanner

ക്കുള്ള യാത്രാമധ്യേ ആലുവയിൽ വെച്ച് അദ്ദേഹം ശ്രീനാരായണ ഗുരുവിനെ സന്ദർശിച്ചു. ജാതീയത തുടച്ചു നീക്കേണ്ടതിന്റെ ആവശ്യകതയെയും അതിൽ യുവാക്കൾക്കുള്ള പങ്കിനെയും കുറിച്ച് ഗുരു സംസാരിച്ചു. ഇതിൽ നിന്ന് പൂർവ്വാധികം ആവേശം സംഭരിച്ച അയ്യപ്പൻ പ്രവർത്തന സജ്ജനായി ചെറായിയിൽ തിരിച്ചെത്തി. ജാതീയതയെ പൊളിക്കണമെങ്കിൽ അതു മുന്നോട്ടുവെയ്ക്കുന്ന നിയന്ത്രണങ്ങളെയും തകർക്കേണ്ടതുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. ഇതിനായി 1917-ൽ 'സഹോദരസംഘം' എന്നൊരു സംഘടന അദ്ദേഹം സ്ഥാപിച്ചു. ജാതീയതയെ വേരോടെ പിഴുതെറിഞ്ഞ് മനുഷ്യരെല്ലാവരെയും സാഹോദര്യത്തിന് കീഴിൽ ഒന്നിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഇനി പറയുന്നവയാണ് സംഘത്തിന്റെ മുഖ്യലക്ഷ്യങ്ങളായി പ്രഖ്യാപിക്കപ്പെട്ടത്.

1. ബ്രാഹ്മണർ, വെള്ളക്കാർ, ജന്മികൾ, മുതലാളിമാർ എന്നിവരുടെ ചൂഷണത്തെ എതിർക്കുക.
2. ജാതീയ-വർഗീയ-വിഭാഗീകരണത്തെയും അതോടനുബന്ധിച്ചുള്ള പുരോഹിതരുടെ ചൂഷണത്തെയും എതിർക്കുക.
3. മഹാന്മാരുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും അന്ധവിശ്വാസത്തെയും മൗലികവാദത്തെയും എതിർക്കുകയും ചെയ്യുക.
4. രാഷ്ട്രീയ സ്വേച്ഛാധിപത്യത്തെ ചെറുക്കുകയും സാമൂദായിക പ്രാതിനിധ്യത്തെ പിന്തുണയ്ക്കുകയും ചെയ്യുക.

മിശ്രവിവാഹം, പന്തിഭോജനം എന്നിവയെ സംഘം പ്രോത്സാഹിപ്പിച്ചു. സത്യം, സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് പ്രകടനങ്ങൾ നടത്തുക, ജാതിക്കോലം കത്തിക്കുക എന്നിവ സംഘത്തിന്റെ പതിവ് പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു.

ഏതാനും പുലയ യുവാക്കളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് 1917 മെയ് 29-ന് അയ്യപ്പൻ തന്റെ ഗ്രാമത്തിൽ ഒരു പന്തിഭോജനം സംഘടിപ്പിച്ചു. ജാതീയതയ്ക്കെതിരെയുള്ള ഒരു പ്രതീകാത്മക സമരമായിരുന്നു ഇത്. അയ്യപ്പന് 'പുലയഅയ്യപ്പൻ' എന്നൊരു പേരുകൂടിയുണ്ട്. അയ്യപ്പൻ 'സഹോദരൻ' എന്ന തന്റെ പത്രത്തിലൂടെ സോഷ്യലിസത്തെയും റഷ്യൻ വിപ്ലവത്തെയും കുറിച്ചുള്ള ആശയങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു. 'വൈപ്പിൻ ആദിതൊഴിലാളി സംഘം' എന്ന സംഘം അദ്ദേഹം രൂപീകരിച്ചു. 'വേലക്കാരൻ' എന്നൊരു പത്രം ഈ യൂണിയൻ ആരംഭിക്കുകയും ആഴ്ചയിൽ മൂന്ന് ദിവസം അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.



Scanned with OKEN Scanner

ദലിതരുടെ ബോധനിലവാരം ഉയർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച 1917-ൽ തുടങ്ങിയ 'സഹോദരൻ' എന്ന മാസിക അധികം താമസിയാതെ വാരികയായി പ്രസിദ്ധീകരണം ആരംഭിച്ചു. മതപവും മതേതരപരവുമായ വിഷയങ്ങൾ ചർച്ച ചെയ്തുകൊണ്ട് 'സഹോദരൻ' വമ്പിച്ച ജനശ്രദ്ധയാകർഷിച്ചു. 'ജാതിയെ തച്ചുടയ്ക്കുക' പോലുള്ള ലേഖനങ്ങൾ ജനങ്ങൾക്കിടയിൽ ജാതിക്കെതിരായ അവബോധം വളർത്തുന്നതിന് സഹായകരമായി. 1937-ൽ നായർ റഗുലേഷൻ ഭേദഗതി ബില്ലിനെ അയ്യപ്പൻ പിന്തുണച്ചു. ഈഴവ സമുദായത്തിലെ സ്വത്തുദായ ക്രമത്തിൽ മാറ്റം വരുത്താനാണ് അയ്യപ്പൻ ആദ്യം ശ്രമിച്ചത്. 1930-ൽ കൊച്ചി തീയബിൽ അദ്ദേഹം സഭയിൽ അവതരിപ്പിച്ചു. 1931 ഡിസംബർ 17-ന് അവതരിപ്പിച്ച കൊച്ചി വിവാഹബിൽ ആണ് അയ്യപ്പന്റെ വിപ്ലവകരമായ മറ്റൊരു സംഭാവന. 1932 നവംബർ 22-ന് ആലപ്പുഴയിൽ അയ്യപ്പന്റെ അധ്യക്ഷതയിൽ ഈഴവ മഹാജന സമ്മേളനം നടന്നു. ഇതിന്റെ ഫലമായി 1932 ഡിസംബറിൽ ഈഴവ-ക്രൈസ്തവ-മുസ്ലിം വിഭാഗങ്ങൾ ചേർന്ന് സഭയിൽ സാമുദായിക പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകി.



Scanned with OKEN Scanner

## നിഗമനങ്ങൾ

പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങൾ താഴെ കൊടുക്കുന്നവയാണ്.

1. 'വർണം', 'ജാതി' എന്നിവയുടെ അടിസ്ഥാനത്തിൽ പരമ്പരാഗത ഇന്ത്യൻ സമൂഹം ശ്രേണീബദ്ധമായി വിഭാഗീകരിക്കപ്പെട്ടിരുന്നു. 'വർണം' എന്നാൽ നിറം എന്നും 'ജാതി' എന്നാൽ ജന്മനാ നിർണ്ണയിക്കപ്പെടുന്നതുമാണ്. വ്യത്യസ്ത ഭാഷകളും മതങ്ങളും രാജ്യത്തെ ജാതിവ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. സാമ്പത്തിക വീക്ഷണ കോണിൽ നിന്നു നോക്കുമ്പോൾ ജാതി എന്നത് ഒരു സാമൂഹിക യാഥാർത്ഥ്യം തന്നെയാണ്. ചാതുർവർണ്യ ക്രമത്തിലാണ് സാമ്പ്രദായിക ഇന്ത്യൻസമൂഹം രൂപം കൊണ്ടത്. ബ്രാഹ്മണൻ,ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവരാണ് സമ്പൂർണ ജാതികൾ. അതിൽ ഉൾപ്പെടാത്ത 'പഞ്ചമർ' ആണ് കീഴ്ജാതിക്കാർ. ഏഴുനദികളുടെ നാടായ ഈ ദേശത്ത് ദേവതകളെ പൂജിക്കുന്ന ആര്യന്മാരും ദേവപൂജയോ അനുഷ്ഠാനങ്ങളോ ഇല്ലാത്ത 'ദസ്യുക്കൾ' അഥവാ 'ദാസർ' എന്നീ രണ്ടു വിശുദ്ധ വിഭാഗങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു. ഇന്ത്യയിൽ സംഭവിച്ച സാമൂഹിക വിഭാഗീകരണം ആര്യന്മാരുടെ സംഭാവനയാണ്. മനുഷ്യൻ പല തട്ടുകളായി വർഗീകരിക്കപ്പെട്ടത് ആര്യൻ അധിനിവേശത്തിന് ശേഷമാണ്.
2. ദക്ഷിണേന്ത്യയിലെ ദ്രാവിഡ സമൂഹത്തിൽ തൊഴിൽപരമായ വിഭജനം നിലനിന്നിരുന്നു. യോഗ്യത, കഴിവ്, വ്യക്തിത്വം എന്നിവയുടെ അടിസ്ഥാനത്തിലാണ് തൊഴിൽ വിഭജനം നിർണയിക്കപ്പെട്ടത്. മനുസ്മൃതിയിൽ തൊഴിൽ വിഭജനത്തെപ്പറ്റി പറയുന്നു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവരുടെ തൊഴിലിനെപ്പറ്റി ഇതിൽ പറയുന്നു. ആര്യന്മാർ തദ്ദേശീയ വാസികളെ അടിമകളാക്കുകയും തങ്ങൾക്കു വേണ്ടി ജോലി ചെയ്യിക്കാൻ അവരെ നിർബന്ധിതരാക്കുകയും ചെയ്തു. ആയതിനാൽ ഇന്ത്യയിൽ അടിമത്തവും ജാതിവ്യവസ്ഥയും സ്ഥാപിക്കപ്പെട്ടത് ആര്യന്മാരുടെ വരവിന് ശേഷമാണെന്ന് അനുമാനിക്കാം. ആര്യന്മാരുടെ വരവ് യുദ്ധത്തിന് കളമൊരുക്കുകയും യുദ്ധം അടിമത്തത്തിലേക്ക് വഴിമാറുകയും ചെയ്തു.
3. ബുദ്ധമതം, ജൈനമതം പോലെയുള്ള വൈദേശിക മതങ്ങൾ വരാനുള്ള പ്രധാന കാരണം അടിമത്തം, പീഡനം, സമത്വം, നീതി എന്നീ മൂല്യങ്ങൾ ഉയർത്തിപ്പി



Scanned with OKEN Scanner

ടിച്ച ക്രിസ്തുമതം, ഇസ്ലാംമതം തുടങ്ങിയ സെമറ്റിക് മതങ്ങളെ കേരളത്തിലെ അധഃസ്ഥിതർ ഏറ്റുവാങ്ങി.

ബ്രിട്ടീഷ് ആധിപത്യവും ഭരണവും, പാശ്ചാത്യ വിദ്യാഭ്യാസവും കേരളത്തിലെ ജാതിവ്യവസ്ഥയെ ആകെ മാറ്റി മറിച്ചു. ജാതിഭേദമന്യേ അവർ എല്ലാവർക്കും വിദ്യാഭ്യാസം നൽകി. ഹിന്ദു ജാതി വ്യവസ്ഥയിൽ കടുത്ത പീഡനം അനുഭവിച്ചിരുന്ന ജനങ്ങളെ ക്രിസ്തുമത്തിലേക്ക് മതം മാറ്റി.

4. പാശ്ചാത്യഭരണം നടപ്പാക്കിയ കനേഷുമാരി എന്ന സമ്പ്രദായം കീഴാളരെ അവരുടെ ജനസംഖ്യാ പ്രതിനിധിയെപ്പറ്റിയും സാമൂഹിക പുനഃസംഘടനയിൽ തങ്ങൾക്കുള്ള പങ്കിനെപ്പറ്റിയും ബോധവാന്മാരാക്കി. ഇതാണ് 'ദലിതിസം' എന്ന പ്രസ്ഥാനത്തിൽ കലാശിച്ചത്. ഇന്ത്യയിൽ ദലിത് എന്ന സങ്കല്പം വേദകാലം മുതൽക്കേ ആരംഭിച്ചു. മഹത്തായ സിന്ധു നാഗരികത പോലും ആര്യന്മാരുടെ അധിനിവേശത്തോടെ നിഷ്പ്രഭമായി. അടിച്ചമർത്തപ്പെട്ട, തകർന്ന എന്നീ അർത്ഥങ്ങളാണ് ദലിത് എന്ന പദത്തിനുള്ളത്. കൂടാതെ പൊളിഞ്ഞ, പിളർന്ന, ചിതറിയ, തകർന്ന, പിച്ചിച്ചീന്തിയ, നശിപ്പിക്കപ്പെട്ട എന്നീ അർത്ഥങ്ങളുമുണ്ട്.

5. ഈ പ്രസ്ഥാനം തിരുവിതാംകൂറിൽ അയ്യങ്കാളിയിലൂടെയും, കൊച്ചിയിൽ കെ.പി.വള്ളോനിലൂടെയും സാമൂഹിക മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിന് നിദാനമായത് ഡോ.പി.പൽപ്പുവിന്റെയും കുമാരനാശാന്റെയും പണ്ഡിറ്റ് കറുപ്പന്റെയും പ്രവർത്തനങ്ങളായിരുന്നു. വാഗ്ഭടാനന്ദന്റെയും സഹോദരൻ അയ്യപ്പന്റെയും ക്രിസ്തീയ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച പൊയ്കയിൽ യോഹന്നാന്റെയും പ്രവർത്തനങ്ങൾ ഇതിന് അനുപൂരകങ്ങളാണ്.

ജാതി-വർഗീയ സംഘടനകളിലൂടെയും അവരുടെ നേതാക്കളുടെ സന്ദേശങ്ങളിലൂടെയും ദലിതർ സംഘടിതരായി. മുഖ്യധാര രാഷ്ട്രീയ പാർട്ടികൾ അവരുടെ പ്രശ്നങ്ങളിൽ നിന്നും അകലം പാലിച്ചു.

വിദ്യാഭ്യാസങ്ങളിലൂടെയും സംഘടനയിലൂടെയും അവകാശ സമരങ്ങളിലൂടെയും നേടിയെടുത്തതാണ് പല സമുദായവും സമ്പത്തും അധികാരവും.

6. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ഭൂവിതരണം നടപ്പിലാക്കിയപ്പോൾ ദലിതർക്ക് ഒരു തുണ്ട് ഭൂമി പോലും ലഭിച്ചില്ല. കേരളത്തിലെ മണ്ണിനം പൊന്നാക്കിയ മനുഷ്യരുടെ രക്തവും വിയർപ്പും അതിൽ അലിഞ്ഞു ചേർന്നു എന്നു മാത്രമല്ല ചരിത്രത്തിന്റെ ദുരന്തം പോലെ അധഃസ്ഥിതരുടെ ജീവിതവും അതിൽ അറ്റുവീണു.



Scanned with OKEN Scanner

7. 1990 കളോടെ ഉദയം ചെയ്ത ഏറെ കൊട്ടിഘോഷിക്കപ്പെട്ട അമേരിക്കൻ സാമ്പത്തിക ഉദാരവത്ക്കരണവും ആഗോളവത്ക്കരണ നയവും എല്ലാം മുഖ്യധാരാ രാഷ്ട്രത്തെ കൂടെക്കൂട്ടുകയായിരുന്നു. ആ നവലിബറൽ സാമ്പത്തിക നയം ദലിതരെ ഉൾക്കൊള്ളാൻ ഒരിക്കലും തയ്യാറായില്ല.

8. കേരളത്തിലെ ദലിത് പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ അത് തനതായ ദ്രാവിഡ സംസ്ക്കാരം പുലർത്തുന്നതും സവർണ്ണ ജന്മിത്വത്തിനെതിരെ സമരം ചെയ്തിരുന്നതുമായി കാണാം. ജന്മഭ്രഷ്ട് എന്നായിരുന്നു സവർണർ ഇതിനെതിരെ സ്വീകരിച്ച നടപടി. എന്നാൽ ഇത് ദലിതരെ ജനകീയ സമരത്തിലേക്ക് ഉൾച്ചേർക്കാൻ കൂടുതൽ സഹായകരമായി പ്രവർത്തിച്ചു.

9. ഉള്ളവനും ഇല്ലാത്തവനും എന്നത് പണ്ടേയുള്ള ദ്വന്ദ്വങ്ങളാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വൈരുദ്ധ്യത്തെ സംബന്ധിച്ച് ലോകത്തിലെ വിവിധ സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിലേതുപോലെ ഇത്രയും സങ്കീർണമായ ജാതിവ്യവസ്ഥ ലോകത്ത് എവിടെയെങ്കിലും നിലനിന്നിരുന്നോ എന്നത് സംശയകരമാണ്..ഉത്തരാധുനിക കേരളത്തിലും ജാതിവ്യവസ്ഥ ഒരളവുവരെ നിലനിൽക്കുന്നുവെന്നത് അത്ഭുതാവഹം തന്നെ.



Scanned with OKEN Scanner

## ഗ്രന്ഥസൂചി


1. കവിയൂർ മുരളി — 1997 ദലിത് ഭാഷ, കറന്റ് ബുക്സ്, കോട്ടയം.
2. ഗണേശ്.കെ.എം — 1990 കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.
3. ദാസ്.കെ.കെ.എസ് — 2011 ദലിത് പ്രത്യയശാസ്ത്രം ചരിത്രം - സാഹിത്യം - സൗന്ദര്യശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പുരുഷോത്തമൻ.കെ.സി — 2008 ദലിത് സാഹിത്യപ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശൂർ
5. മുഹമ്മദ് മാഹീൻ എ.പ്രൊഫ. — 2023 കേരളത്തിലെ ദലിത് മുന്നേറ്റങ്ങളുടെ ചരിത്രം, ആത്മബുക്സ്, കോഴിക്കോട്.
6. മോഹൻ തെക്കുംഭാഗം — 1993 അടിമഗർജ്ജനം, സി.ഐ.സി.സി ബുക്ക് ഹൗസ്, കൊച്ചി
7. സോമശേഖരൻ — 1993 ജാതിവ്യവസ്ഥ: ചരിത്രപരമായ സമീപനത്തിന്റെ പ്രസക്തിയും അതു നേരിടുന്ന പ്രശ്നങ്ങളും, ജനകീയ പ്രസിദ്ധീകരണ കേന്ദ്രം, തൃശൂർ
8. Jurgen Habermas — 1992 The structure of transfomation of the public sphere, Polity, United Kingdom
9. Jurgen Habermas — 2022 Reimagining the public sphere, Cambridge University Press




Scanned with OKEN Scanner